# ഉപ്പ്

Organized by **SSF Kerala**

NEWS
BULLETIN
EDITION 01

സാഹിത്യോത്സവ്
അടയാളങ്ങൾ



/ðɛn
ænd
stɪl/

2025
AUG 4-10
PALAKKAD

KERALA
# Sahityotsav

# ബക്തിയാർ ദർഗയിലെ ഗാന്ധിയിൽ ജനാധിപത്യത്തിന്റെ വെളിച്ചമുണ്ട്,പ്രതീക്ഷയും

മതപരമായി സംസാരിക്കേണ്ടി വരുന്ന ഘട്ടത്തിലൊക്കെ താനൊരു ഹിന്ദുവാണെന്ന്  എപ്പോഴും പറഞ്ഞിരുന്ന ഒരാളായിരുന്നു ഗാന്ധി. ഒരു ഹിന്ദുമത വിശ്വാസി തന്റെ ജീവിതത്തിന്റെ ഏറ്റവും ഒടുവിൽ സന്ദർശിച്ച അവസാന തീർത്ഥാടന കേന്ദ്രം  ഒരുപക്ഷേ ആ മതവുമായി ബന്ധപ്പെട്ട ഏതെങ്കിലും ക്ഷേത്രമോ ആരാധന കേന്ദ്രമോ ഒക്കെ ആയിരിക്കും. എന്നാൽ  ഹിന്ദുമതത്തിൽ വിശ്വസിച്ചിരുന്ന ഗാന്ധി തന്റെ ജീവിതത്തിൽ ഏറ്റവും അവസാനമായി സന്ദർശിച്ചത് ഖാജ  കുതുബുദ്ധീൻ ബക്തിയാർ കാക്കി ദഹ്ലവിയുടെ ദർഗയായിരുന്നു. 1948 ജനുവരി 27 നായിരുന്നു അത്. 3 ദിവസം കഴിഞ്ഞപ്പോൾ ഗാന്ധി വെടിയേറ്റ് മരിക്കുകയും ചെയ്തു. എന്തുകൊണ്ട് അങ്ങനെ സംഭവിച്ചു എന്ന ചോദ്യത്തെ നാം പിന്തുടർന്നാൽ അത് ഇന്ത്യയുടെ ആത്മാവിലേക്ക് നമ്മെ കൊണ്ടെത്തിക്കും. ജീവിതത്തിന്റെ സിംഹഭാഗവും ബ്രിട്ടീഷുകാർക്കെതിരെ പോരാടിയ ഗാന്ധി തന്റെ ജീവിതത്തിന്റെ അവസാന രണ്ടു വർഷങ്ങൾ ഉപയോഗിച്ചത് ഹിന്ദുത്വ ഫാസിസത്തെ എതിർക്കാനായിരുന്നു. 46 മുതൽ ബ്രിട്ടീഷുകാർ ഏറെക്കുറെ ഇന്ത്യ വിടുമെന്ന് ഉറപ്പായിരുന്നത് കൊണ്ട് തന്നെ ഇന്ത്യയെ രാഷ്ട്രീയമായി ശക്തിപ്പെടുത്താനുള്ള ശ്രമങ്ങൾ ആണ് ഗാന്ധി നടത്തിയിരുന്നത്. തന്റെ ജീവിതത്തിലെ ഏറ്റവും വലിയ സമരായുധമാണ് നിരാഹാര സമരം എന്ന് പറഞ്ഞ ഗാന്ധി 47ൽ സ്വാതന്ത്ര്യം ലഭിച്ചതിനു ശേഷം രണ്ട് തവണ നിരാഹാര   സമരമിരിക്കുന്നുണ്ട്. പലവിധ രോഗങ്ങൾ കാരണം പൂർണ്ണ ആരോഗ്യവാനല്ലാതിരുന്നിട്ടും 78 കാരനായിരുന്ന ആ വയോധികൻ നിരാഹാരം അനുഷ്ഠിച്ചത് രാജ്യത്തെ  വർഗീയ ഫാഷിസ്റ്റുകളിൽ നിന്ന് മോചിപ്പിക്കാൻ വേണ്ടിയായിരുന്നു.

ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിക്കുന്നതിന്റെ ഒരു വർഷം മുൻപ്  അന്നത്തെ ബംഗാളിലെ നവഖാലിയിൽ പാക്കിസ്ഥാൻ വാദത്തെ ചൊല്ലി ഉണ്ടായ ഇരുവിഭാഗങ്ങൾക്കിടയിലെ  കലാപം ആയിരങ്ങളുടെ ജീവനെടുക്കുകയും പതിനായിരക്കണക്കിന് ജനങ്ങളെ ബാധിക്കുകയും ചെയ്തിരുന്നു. അന്ന് ഗാന്ധി ഏകനായി ആ തെരുവുകളിലൂടെ നടന്നു. നഗ്നപാദനായി 47 ഗ്രാമങ്ങൾ പിന്നിട്ട ആ യാത്ര ഭാവി ഇന്ത്യയുടെ ആത്മാവിലേക്ക് വെളിച്ചം പകർന്നു. ബക്തിയാർ ദർഗയിലേക്ക് ഗാന്ധി അവിചാരിതമായി എത്തിയതല്ല എന്ന് സാരം. ജനഹൃദയങ്ങളിലേറ്റ ആഴത്തിലുള്ള മുറിവുണക്കാൻ നടത്തിയ ആ യാത്രയിലാണ് 'ഈശ്വര അള്ളാ തേരെ നാം' എന്ന വരി ഗാന്ധിയെ അഗാധമായി സ്പർശിക്കുന്നത്. അത് ആലപിച്ച ആളോട് ആ വരി എവിടുന്ന് കിട്ടി  ചോദിച്ചപ്പോൾ ഞാൻ കുട്ടിക്കാലത്ത് തന്നെ കേട്ടതാണ് എന്നായിരുന്നു മറുപടി.

ഹിന്ദുവും മുസ്ലിമും സഹോദര തുല്യരാണ് എന്ന കാഴ്ചപ്പാടിൽ നിന്ന് പിന്നീട് ഹിന്ദുവും മുസ്ലിമും സഹോദരർ തന്നെയാണ് എന്ന വീക്ഷണത്തിലേക്ക് ഗാന്ധി പിൽക്കാലത്ത് എത്തുന്നുണ്ട്. വിഭജന കാലത്ത് ബീഹാറിൽ മുസ്ലിംകൾക്കെതിരെ അരങ്ങേറിയ വംശഹത്യ പിടിച്ചുനിർത്തിയത് ഗാന്ധിയുടെ ഇടപെടൽ ആയിരുന്നു. ബീഹാറിൽ നിന്ന് മടങ്ങിയ ഗാന്ധിക്ക് തങ്ങൾ  മുസ്ലിംകൾക്കെതിരെ ചെയ്ത ക്രൂരതകളിൽ പശ്ചാത്തപിച്ച് കൊണ്ട് നൂറുകണക്കിന് ആളുകൾ എഴുതിയ കത്തുകൾ ലഭിക്കുന്നുണ്ട്. ഇന്ത്യയുടെ സ്വാതന്ത്ര്യ പ്രഖ്യാപനം അറിയിച്ചുകൊണ്ട് ദേശീയ പതാക ഉയർത്തുന്ന സമയത്ത് രാജ്യത്തെ സ്വാതന്ത്ര്യസമരം നയിച്ച സമര നായകനായ ഗാന്ധിയെ നിങ്ങൾക്ക് അവിടെ കാണാൻ കഴിയില്ല. ആ സമയത്ത് വിഭജനത്തിന്റെ  മുറിവുകളേറ്റ് വേദന അനുഭവിക്കുന്ന ബംഗാളിലെ ജനതയോടൊപ്പമായിരുന്നു അദ്ദേഹം. ഇന്ത്യയെ വർഗീയപരമായി വിഭജിക്കാനുള്ള തങ്ങളുടെ അജണ്ടകൾക്ക് ഗാന്ധി വലിയ വിഘാതം സൃഷ്ടിക്കുന്നു എന്ന് തിരിച്ചറിഞ്ഞ ഹിന്ദുത്വ വാദികൾ ഗാന്ധിക്ക് നേരെ തുടർച്ചയായി വധ ശ്രമങ്ങൾ നടത്തുന്നുണ്ട്. രാജ്യത്തിന്റെ നിലനിൽപ്പിനെ അപകടകരമായി ബാധിക്കുന്ന വർഗീയതക്കെതിരെ കൽക്കത്തയിൽ 73 മണിക്കൂർ അനുഷ്ഠിച്ച നിരാഹാരമാണ് യഥാർത്ഥത്തിൽ വിഭജന കാലത്തെ ഇന്ത്യയെ രക്ഷിച്ചത്.



പി എൻ ഗോപീ കൃഷ്ണൻ

# ടി ഡി രാമകൃഷ്ണൻ:
# ഭാഷകളെ കൂട്ടിയിണക്കിയ അനുഗൃഹീത എഴുത്തുകാരൻ

ലിയുടെ ഭാഗമായി ടി ഡി രാമകൃഷ്ണൻ നടത്തിയ നിരന്തര യാത്രകൾ അദ്ദേഹത്തിന്റെ സാഹിത്യ രചനകളെ വലിയ അളവിൽ സഹായിക്കുകയും സ്വാധീനം ചെലുത്തുകയും ചെയ്തിട്ടുണ്ട്. വ്യത്യസ്ത ഭാഷകൾ സംസാരിക്കുന്ന ഇടങ്ങളിലൂടെ അതിർത്തി കടന്നെത്തുന്ന ആ യാത്രകൾ വിവിധ ഭാഷകളുടെ കൂടി കൈമാറ്റത്തിന് സഹായിച്ചിട്ടുണ്ട്. തിരക്കുപിടിച്ച ഉദ്യോഗ ജീവിതത്തിനിടയിലും പുസ്തകങ്ങളേയും വായനയേയും അദ്ദേഹം എന്നും ചേർത്തു പിടിച്ചു.

ആൽഫ എന്ന നോവലിലൂടെ സാഹിത്യത്തിന്റെ മുഖ്യധാരയിലേക്ക് രംഗപ്രവേശം ചെയ്ത ടിഡിയുടെ മാസ്റ്റർ പീസ് എന്ന് വിശേഷിപ്പിക്കാവുന്ന രചനയാണ് ഫ്രാൻസിസ് ഇട്ടിക്കോര. ഇന്റർനെറ്റിന്റെ സൗകര്യങ്ങളെ ഏറ്റവും മൂർത്തമായ രൂപത്തിൽ ഉപയോഗപ്പെടുത്തിയാണ് അദ്ദേഹം ഈ നോവലിനെ രൂപപ്പെടുത്തിയിട്ടുള്ളത്. ഇന്റർനെറ്റില്ലെങ്കിൽ ഫ്രാൻസിസ് ഇട്ടിക്കോര എന്ന നോവലില്ല. ഇന്റർനെറ്റിന്റെ സാധ്യതകളെ സാഹിത്യത്തിന് ഏതെല്ലാം രീതിയിൽ ഉപയോഗിക്കാൻ കഴിയുമോ എന്നതിന്റെ ഉത്തമ ഉദാഹരണമാണ് ടി ഡി യും അദ്ദേഹത്തിന്റെ രചനകളും. ഇന്റർനെറ്റിന്റെ രാഷ്ട്രീയ സാധ്യതകളെ പോലെത്തന്നെ സാഹിത്യത്തിനും സാധ്യതകൾ ഉണ്ടെന്ന് ടിഡി നമുക്ക് കാണിച്ചു തരുന്നുണ്ട്.

വായനക്കാരനെ വായിപ്പിക്കുക എന്ന പ്രലോഭനത്തെ ഏറ്റവും മനോഹരമായി ടിഡി യുടെ കൃതികൾ നിർവഹിക്കുന്നുണ്ട്. എഡിഷനുകളുടെ ആധിപത്യമോ അംഗീകാരങ്ങളുടെ എണ്ണമോ ടിഡി എന്ന എഴുത്തുകാരനെ പ്രലോഭിപ്പിക്കാറില്ല. ഇന്ത്യ എന്ന ബഹുസ്വര രാജ്യത്തിന്റെ ആത്മാവിന് സൗന്ദര്യം പകരുന്ന അദ്ദേഹത്തിന്റെ രചനകൾ എഴുത്തുകാരന്റെ ഉത്തരവാദിത്വം കൂടി സമൂഹത്തെ ബോധ്യപ്പെടുത്തുന്നുണ്ട്. സുഗന്ധി ആണ്ടാൾ ദേവനായകി എന്ന പുസ്തകം ശക്തമായ രാഷ്ട്രീയ സന്ദേശങ്ങളെ ജ്വലിപ്പിക്കുന്നുണ്ട്. രാജ്യം ഏകാധിപത്യത്തിലേക്കും ജനാധിപത്യവിരുദ്ധ പ്രവർത്തനങ്ങളിലേക്കും നീങ്ങിക്കൊണ്ടിരിക്കുന്ന കാലത്ത് എഴുത്തുകാരന്റെ ജനാധിപത്യ ജാഗ്രത സമൂഹത്തിന് വലിയ സാന്ത്വനം പകരും. രാമകൃഷ്ണനെ പോലുള്ള എഴുത്തുകാരുടെ ജാഗ്രതയാണ് ജനാധിപത്യത്തിന്റെ ആത്മാവിന് ജീവവായു പകർന്ന് ഇവിടെ നിലനിർത്തുന്നത്. നേരും നന്മയുമുള്ള ഒരു സമൂഹത്തിന് വഴികാട്ടിയാവാൻ ഇനിയും ടിഡി രാമകൃഷ്ണന് സാധിക്കട്ടെ...

കെ സി നാരായണൻ



# ദൃഷ്ടി-ദൃഷ്ടാന്തം: എന്നിലൂടെ ഒരു പുഴ



കെ .എം അനിൽ ചേലേമ്പ്ര

പരിശുദ്ധ ഖുർആനിൽ എന്നെ ഏറ്റവും ആകർഷിച്ച ഒരു വാക്യമാണ് ചിന്തിക്കുന്നവർക്ക് ദൃഷ്ടാന്തമുണ്ട് എന്നത്. ആലോചിക്കുന്തോറും മനുഷ്യന് കൂടുതൽ ദൃഷ്ടാന്തങ്ങൾ നൽകുന്ന വാചകമാണത്. മനുഷ്യ പഥങ്ങൾ  അവശേഷിപ്പിച്ചു പോയ അടയാളപ്പെടുത്തലുകളെ നാം സൂക്ഷ്മമായി പിന്തുടരേണ്ടതുണ്ട്. ചരിത്രത്തിൽ നിന്ന് മാറ്റി നിർത്തിയാൽ ദൃഷ്ടാന്തങ്ങൾക്കൊന്നും അർത്ഥം ലഭിക്കുകയില്ല.

കേരള സാഹിത്യോത്സവിന്റെ മെയിൻ വേദിക്കരികിൽ പ്രദർശിപ്പിച്ച കാളവണ്ടി എന്നെ ഏറെ ആകർഷിപ്പിക്കുകയും ചില ചരിത്ര ദൃഷ്ടാന്തങ്ങളിലേക്ക് ക്ഷണിക്കുകയും ചെയ്തു.  സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് മാറ്റിനിർത്തപ്പെട്ട ദളിത് ജനവിഭാഗങ്ങളുടെ വിദ്യാഭ്യാസ  സാമൂഹിക ഉന്നമനത്തിന് വേണ്ടി പോരാടിയ അയ്യങ്കാളിയുടെ വില്ലുവണ്ടി സമരമാണ് ആ കാളവണ്ടി ചിത്രം കണ്ടപ്പോൾ എനിക്ക് ഓർമ്മ വന്നത്. അതൊരു പക്ഷേ, പാലക്കാടിന്റെ സാംസ്കാരിക  സാമ്പത്തിക കാർഷിക പാരമ്പര്യത്തെ വിളിച്ചോതുന്ന നിർമാണമായിരിക്കാം. പക്ഷേ, ഒരേ സമയം ഒന്നിലേറെ ചരിത്ര നിയോഗങ്ങളെയ ും ദൃഷ്ടാന്തങ്ങളെയും അത് ഓർമപ്പെടുത്തുന്നുണ്ട്. കാൽപാദങ്ങൾ പിന്തുടർന്നാൽ നിങ്ങൾക്ക് മനുഷ്യർ അവശേഷിപ്പിച്ചു പോയ അടയാളങ്ങളെ കാണാം. അടയാളം എന്നത് ഒരേ സമയം ഭൂതകാലത്തും വർത്തമാനകാലത്തും നിലകൊള്ളുന്ന ഒന്നാണ്. നമുക്ക് ചുറ്റും ധാരാളം ദൃഷ്ടാന്തങ്ങൾ നിലകൊള്ളുന്നുണ്ടെങ്കിലും ഭൂരിഭാഗം പേരും അതിനെക്കുറിച്ച് അലസരോ അജ്ഞരോ അതുമല്ലെങ്കിൽ അങ്ങനെ നടിക്കുന്നവരോ ആണ്. ചുട്ടുപഴുത്ത ഇരുമ്പ് ദണ്ഡിൽ വീഴുന്ന വെള്ളത്തുള്ളി പോലെ ക്ഷണികമാണ് മനുഷ്യന്റെ ജീവിതം. അത്രയും ക്ഷണികമായ ഒരു ജീവിതത്തെ അൽപ്പമാണെങ്കിൽ പോലും ലോകത്ത് മനോഹരമായി അടയാളപ്പെടുത്തി വെക്കാൻ മനുഷ്യന് സാധിക്കേണ്ടതുണ്ട്.

ലോകത്തെ എല്ലാ അടയാളങ്ങളോടും ദൃഷ്ടാന്തങ്ങേ ളാടും ഒരു പോലെയാണ് നിങ്ങൾ പെരുമാറുന്നതും പ്രതികരിക്കുന്നതുമെങ്കിൽ നിങ്ങളൊരു ഭീരുവും നിഷ്ക്രിയനുമാണെന്നാണ് അതിനർത്ഥം. സ്വന്തം വേദനയിൽ മാത്രം വേദനിക്കുന്ന ജീവിയല്ലല്ലോ മനുഷ്യൻ. അത്തരം സ്വാർത്ഥതയിലേക്ക് വീണു പോകുന്നവർ മനുഷ്യ വംശത്തോടും സമൂഹത്തോ ടും പ്രപഞ്ചത്തോടും കടമ പുലർത്താത്തവരാണ്. ടെക്നോളജി വഴി ധാരാളം അടയാളങ്ങളും ദൃഷ്ടാന്തങ്ങളും ഇന്ന് വരുന്നുണ്ടെങ്കിലും എത്രമാത്രം സക്രിയമായാണ് നാം അതിനോട് പ്രതികരിക്കുന്നത് എന്നത് പ്രധാനമാണ്. അത്തരം മാറ്റങ്ങളെ മനുഷ്യ വംശത്തിനും ലോകത്തിനും ഗുണപരമായി വിനിയോഗിക്കാൻ നമുക്ക് സാധിക്കണം. വേണ്ടതിനെ ഉൾക്കൊള്ളുകയും മോശമായതിനെ തള്ളിക്കളയുകയും ചെയ്യുക എന്നതാണ് യഥാർത്ഥത്തിൽ മാറ്റം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.

തലമുറകൾ പാരമ്പര്യമായി കൈമാറി വരുന്ന മാറ്റങ്ങളെ മൂല്യം ചോർന്നു പോവാത്ത രീതിയിൽ ചേർത്തു പിടിക്കാൻ നമുക്ക് സാധിക്കണം. അല്ലാതെ തലമുറകൾ ഒന്ന് മറ്റൊന്നിന് വിരുദ്ധമായി പ്രവർത്തിക്കുകയല്ല വേണ്ടത്. വർത്തമാനകാല ഇന്ത്യയിൽ വെറുപ്പും വിദ്വേഷവും വ്യാപിപ്പിക്കാൻ ചില ശ്രമങ്ങൾ നടന്നു വരുന്നുണ്ട്. മുഗളന്മാർക്കെതിരെ വർഗീയ ആരോപണങ്ങൾ വരുന്ന സമയത്ത് അതിന്റെ പൊരുളുകൾ അറിയാൻ നാം അക്കാലത്തെ അടയാളപ്പെടുത്തലുകളിലേക്കും ദൃഷ്ടാന്തങ്ങളിലേക്കുമാണ് ശ്രദ്ധിക്കേണ്ടത്. ഷാജഹാൻ ചക്രവർത്തിയുടെ മകനായിരുന്ന ദാര ഷുക്കോവ് സംസ്കൃതം പഠിക്കാൻ 15 വർഷത്തോളം വാരണാസിയിൽ ചെന്ന് താമസിക്കുകയുണ്ടായി. അതിനു ശേഷം അദ്ദേഹം ഉപനിഷത്തുകൾ പേർഷ്യൻ ഭാഷയിലേക്ക് വിവർത്തനം ചെയ്തു. ഇത്തരം സാംസ്കാരിക പരവും സാമൂഹ്യപരവുമായ അടയാളപ്പെടുത്തലുകൾ നമുക്കു മുന്നിൽ വലിയ തെളിവുകളായി അവശേ ഷിക്കുമ്പോൾ എങ്ങനെയാണ് ചരിത്രത്തിന് മുഗളന്മാ രെ വർഗീയവാദികളായി ചിത്രീകരിക്കാൻ സാധിക്കുക? ഇന്ത്യൻ സംസ്കാരം

സഹജീവനത്തിന്റെയും സൗഹൃദത്തിന്റെയും സ്നേഹത്തിന്റെയും കൊടുക്കൽ വാങ്ങലുകളുടെയ ും സംസ്കാരമാണ്. തലക്ക് വെളിവില്ലാത്ത രണ്ട് മനുഷ്യർ തമ്മിലടിച്ചതാണോ രണ്ടു മനുഷ്യർ തമ്മിൽ പരസ്പരം സ്നേഹിച്ചതാണോ ദൃഷ്ടാന്തം ? അവിടെ സ്നേഹമാണ് ദൃഷ്ടാന്തം. അവിടെ സൗഹൃദമാണ് അടയാളപ്പെടുത്തലുകൾ. വിവേക രഹിതമായ ഒച്ചപ്പാടുകളുടെ പിന്നാലെ പോവാതെ രാജ്യത്തിന് ഗുണകരമാവുന്ന ക്രിയാത്മകമായ മുന്നേറ്റങ്ങൾ സൃഷ്ടിക്കുന്ന പ്രവർത്തനങ്ങൾക്കാണ് നാം മുൻഗണന കൊടുക്കേണ്ടത്.
പരസ്പര വൈര്യങ്ങളെ സ്നേഹം കൊണ്ട് ചെറുത്തു തോൽപ്പിക്കുമ്പോഴാണ് നമുക്ക് അടയാളങ്ങൾ ബാക്കിയാവുന്നത്. നമുക്ക് ചുറ്റും ഒഴുകിക്കൊണ്ടിരിക്കുന്ന ദൃഷ്ടാന്തങ്ങളുമായി സക്രിയമായ ബന്ധം സ്ഥാപിക്കാൻ നമുക്ക് സാധിക്കണം. കലർപ്പില്ലാത്ത പാരമ്പര്യത്തിന്റെ ചില അടയാളപ്പെടുത്തലുകൾ ബാക്കി വെക്കുമ്പോഴാണ് മനുഷ്യൻ എന്ന നിലയിൽ ഇവിടെ ചില ദൃഷ്ടാന്തങ്ങൾ ബാക്കിയാവുന്നത്.

# എഴുത്തുകൾ രാജ്യത്തിന്റെയും സമൂഹത്തിന്റെയും പുരോഗതിക്കാവണം



കെ. പി മുഹമ്മദ് മുസ്ലിയാർ, കൊമ്പം

ആദ്യമായി, ഇപ്രാവശ്യത്തെ എസ്.എസ്.എഫ് കേരള സാഹിത്യോത്സവ് അവാർഡ് ജേതാവ് ബഹുമാന്യനായ ടി ഡി രാമകൃഷ്ണനെ അഭിനന്ദിക്കുന്നു. ഓടിപ്പായുന്ന തീവണ്ടിയിൽ വളരെ വേഗത്തിൽ സഞ്ചരിക്കുന്നതോടെ ാപ്പം സാഹിത്യത്തിന്റെ ലോകത്തേക്കും അദ്ദേഹം കടന്നുവന്നു എന്നത് മാതൃകാമാപരമാണ്. എസ്.എസ്.എഫ് രൂപം കൊണ്ടത് മുതൽ നന്മയെ കണ്ടെത്തുകയും നന്മയെ അനുകരിക്കുകയും നന്മയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നുണ്ട്. പ്രശസ്തരായ നിരവധി വ്യക്തിത്വങ്ങൾക്ക് ഈ അവാർഡ് നൽകിയിട്ടുണ്ട്. അതിന്റെയെല്ലാം പിന്നിലുള്ള ചേതോവികാരം നന്മയെ പ്രോത്സാഹിപ്പിക്കുക എന്നതാണ്.

ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട ജനാധിപത്യ രാഷ്ട്രം എന്ന പദവിയുള്ള രാജ്യമാണ് നമ്മുടെ ഇന്ത്യ. ഏകദേശം ആയിരത്തി എണ്ണൂറോളം ഭാഷകൾ നമ്മുടെ രാജ്യത്തുണ്ട് എന്നാണ് കണക്ക്. ഇതിൽ 200 ഭാഷകൾ സജീവമായി തന്നെ നിലനിൽക്കുന്നു. നമ്മുടെ നോട്ടുകളിലും നിരവധി ഭാഷകൾ രേഖപ്പെടുത്തിയിട്ടുണ്ട്. മലയാളം

നിലനിൽക്കുന്നു. നമ്മുടെ നോട്ടുകളിലും നിരവധി ഭാഷകൾ രേഖപ്പെടുത്തിയിട്ടുണ്ട്. മലയാളം പൊതുവെ സംസാരിക്കാൻ ബുദ്ധിമുട്ടുള്ള ഭാഷയാണ് എന്നാണ് പലരും വിശേഷിപ്പിക്കാറുള്ളത്. ബഹുഭാഷാ വിദഗ്ധരുമായി സംസാരിച്ചപ്പോൾ എഴുതാനും വായിക്കാനും നിങ്ങളുടെ മലയാളമാണ് ബുദ്ധിമുട്ട് എന്ന് പറയുകയുണ്ടായി. അതിന് കാരണം അക്ഷരങ്ങളുടെ ആധിക്യവും ഉച്ചരിക്കാനുള്ള പ്രയാസവും ആയിരിക്കും. എങ്കിലും നമ്മുടെ രാജ്യം സാംസ്കാരിക വിദ്യാഭ്യാസ രംഗത്ത് ഉന്നതങ്ങളിൽ എത്തി നിൽക്കുകയാണ്. അതിന്റെ പിന്നിൽ ഒരു വിമോചനത്തിന്റെ ചുവയുണ്ട്. അധർമ്മങ്ങൾക്കും അരുതായ്മകൾക്കും എതിരെ എപ്പോഴും നാം നിലയുറപ്പിക്കുകയും നമ്മുടെ വിദ്യാർത്ഥികൾ അതിനുവേണ്ടി നിരന്തരം പരിശ്രമിക്കുകയും ചെയ്യുന്നു. നിരവധി സമരങ്ങളിലൂടെയാണ് നാം കടന്നു വന്നിരിക്കുന്നത്. മാറുമറക്കാനുള്ള സമരം നടന്ന നാടാണിത്. അയ്യങ്കാളിയുടെ ചരിത്രത്തിൽ നിന്ന് നമുക്കത് മനസ്സിലാക്കാൻ കഴിയും. സുഖകരമായി നടുറോഡിലൂടെ നടക്കാൻ വേണ്ടി അയ്യങ്കാളിക്ക് സമരം ചെയ്യേണ്ടി വന്നിട്ടുണ്ട്. മുണ്ടുടുക്കാനും മാന്യമായി വസ്ത്രം ധരിക്കാനും നാം സമരം ചെയ്തു. അയ്യങ്കാളിയുടെ കാളവണ്ടി സമരം ചരിത്രപ്രസിദ്ധമാണ്. ബ്രിട്ടീഷുകാരോട് അടരാടി ത്യാഗം ചെയ്ത് നാം നേടിയെടുത്തതാണ് ഇന്ന് ഈ കാണുന്ന സ്വാതന്ത്ര്യം. എന്നാൽ ടിഡിയെ പോലുള്ള സാഹിത്യകാരന്മാർ നമ്മുടെ പൂർവികർ ചെയ്ത പോലുള്ള സമരം തന്നെയാണ് ഇന്ന് നിർവഹിക്കുന്നത്. അധർമ്മങ്ങൾക്കും തിന്മകൾക്കും എതിരെയുള്ള അവരുടെ മാനസിക ധൈര്യങ്ങളെ അവർ തൂലികയിൽ കൂടി പ്രസരിപ്പിക്കുന്നു. വളരെ സ്വാഗതാർഹമായ കാൽവെപ്പാണ് ടിഡി രാമകൃഷ്ണൻ തന്റെ സാഹിത്യപ്രവർത്തനങ്ങളിലൂടെ നടത്തിക്കൊണ്ടിരിക്കുന്നത്.

റെയിൽവേയിൽ ജോലിയോടൊപ്പം ഒതുങ്ങി ഇരിക്കാതെ അദ്ദേഹം സമൂഹത്തിനുവേണ്ടി ഇടപെട്ടു എന്നത് അഭിനന്ദനീയമാണ്. അനീതിക്കും അധർമ്മത്തിനും എതിരെ അണിനിരക്കണമെന്ന പരിശുദ്ധ ഖുർആനിന്റെ ആഹ്വാനത്തെ നാം എപ്പോഴും അനുസരിക്കണം. സമൂഹത്തെ പിറകോട്ട് വലിക്കുന്ന പ്രവർത്തനങ്ങളാണോ ഇന്ന് രാഷ്ട്രീയക്കാരുടെ ഭാഗത്തുനിന്നുണ്ടാവുന്നത് എന്ന് പരിശോധിക്കേണ്ടതുണ്ട്. സ്വാതന്ത്ര്യം ലഭിക്കുമ്പോൾ 34 കോടി ജനസംഖ്യ മാത്രമേ ഇവിടെ ഉണ്ടായിരുന്നുള്ളൂ. ഇന്നത് 100 കോടിയായി മാറിയിരിക്കുന്നു. ആയതുകൊണ്ട് തന്നെ സമൂഹത്തെ മുന്നോട്ടു നയിക്കാനാണ് നാം ശ്രദ്ധിക്കേണ്ടത്. മഹാന്മാരായ വ്യക്തികളും എഴുത്തുകാരുമൊക്കെ ദുരാചാരങ്ങൾക്കെതിരെയാണ് എഴുത്തിലൂടെ സംസാരിച്ചത്. ശുദ്ധി ഏറ്റവും പവിത്രമായാണ് ഇസ്‌ലാം കാണുന്നത്. ഏറ്റവും പ്രധാനപ്പെട്ടതാണ് വിശുദ്ധി. അത് വിതരണം ചെയ്യേണ്ട പള്ളികൾ സാംസ്കാരികമായി അധഃപതിക്കാൻ പാടില്ല. വിമർശനങ്ങൾ നമ്മെ ചിന്തിപ്പിക്കാൻ പ്രേരിപ്പിക്കുകയാണ് വേണ്ടത്. നമ്മുടെ രാജ്യത്ത് വ്യത്യസ്തങ്ങളായ മതത്തിന്റെ കാഴ്ചപ്പാടുകൾ ഉള്ളവരുണ്ട്. എല്ലാ വൈജാത്യങ്ങൾക്കുമപ്പുറം നാം ഒന്നിച്ചിരിക്കുന്നു. വെറുപ്പോ വിദ്വേഷമോ ഇല്ലാതെ നമുക്ക് കൂടിയിരിക്കാൻ കഴിയണം. ശാരീരികമായി മാത്രമല്ല മാനസികമായും നാം ഒന്നിക്കണം. എങ്കിൽ മാത്രമേ നമ്മുടെ രാജ്യത്തിന്റെ യശസ്സുയർത്താൻ സാധിക്കൂ. അതിലേക്കുള്ള ചെറിയ കാൽവെപ്പാണ് ഈ അവാർഡ് ദാനം. തിരുനബിയുടെ മാതൃകയാണിത്. കവിത പാടിയ കഅബ് (റ) നെ തന്റെ പുതപ്പുകൊണ്ട് പുതച്ച് ആദരിച്ച തിരുനബിയുടെ ആദരം മാതൃകയാണ്. മുസ്‌ലിം സാഹിത്യ ലോകത്തെ ആദ്യത്തെ ആദരവായിരിക്കാം അത് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. രാജ്യത്തിനും സമൂഹത്തിനും മാതൃകയായ ടി ഡി രാമകൃഷ്ണനെ പോലുള്ള വ്യക്തിത്വങ്ങൾ ഇനിയും സമൂഹത്തിൽ ഉണ്ടാവട്ടെ എന്ന് ആശംസിക്കുന്നു. അഭിനന്ദനങ്ങൾ.



# പാഠപുസ്തകങ്ങളിൽ ഒളിച്ചു കടത്തുന്ന ചരിത്രത്തിന്റെ അപരവത്കരണം രാജ്യത്തെ അപകടപ്പെടുത്തും.

ഇന്ത്യൻ സമൂഹം  ചരിത്രത്തിലെ നിർണ്ണായകമായ ഒരു ഘട്ടത്തിലൂടെയാണ് കടന്നുപോകുന്നത്. കേവലം രാഷ്ട്രീയമായ മാറ്റങ്ങൾക്കപ്പുറം, നമ്മുടെ രാഷ്ട്രത്തിന്റെ ബൗദ്ധികവും സാംസ്കാരികവുമായ അടിത്തറയെത്തന്നെ മാറ്റിമറിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ആസൂത്രിതമായ ഒരു കടന്നുകയറ്റമാണ് ഇന്ന് നടന്നുകൊണ്ടിരിക്കുന്നത്. സർവ്വകലാശാലകളെ തകർക്കുക, ചരിത്രത്തെ വളച്ചൊടിക്കുക, പാഠപുസ്തകങ്ങളെ കാവിവൽക്കരിക്കുക, ബഹുസ്വരതയെ ഇല്ലാതാക്കുക എന്നിങ്ങനെ പല തലങ്ങളിലായി ഈ ആക്രമണം വ്യാപിച്ചിരിക്കുന്നു. ഇതിന്റെ പിന്നിലുള്ള പ്രത്യയശാസ്ത്രത്തെയും അതിന്റെ ദൂരവ്യാപകമായ പ്രത്യാഘാതങ്ങളെയും നാം തിരിച്ചറിയേണ്ടതുണ്ട്.

വിദ്യാഭ്യാസ രംഗത്ത്, പ്രത്യേകിച്ച് ഉന്നതവിദ്യാഭ്യാസ മേഖലയിൽ, വലിയ പ്രതിസന്ധികളാണ് നിലനിൽക്കുന്നത്. സർവ്വകലാശാലകൾക്കുള്ള സർക്കാർ ഫണ്ട് വെട്ടിക്കുറയ്ക്കുന്നത് ഗവേഷണങ്ങളെയും അക്കാദമിക പ്രവർത്തനങ്ങളെയും സ്തംഭിപ്പിക്കുന്നു. വൈസ് ചാൻസലർമാരെ പൂർണ്ണമായും രാഷ്ട്രീയ താൽപര്യത്തോടെ നിയമിക്കുന്നതിലൂടെ സർവ്വകലാശാലകളുടെ സ്വയംഭരണാവകാശം ഇല്ലാതാക്കി, അവയെ ഭരണകൂടത്തിന്റെ കേവലം പ്രചാരണോപാധികളാക്കി മാറ്റുകയാണ്.ശാസ്ത്രത്തെയും ധാർമിക ചിന്തയെയും തമസ്കരിച്ച് തൽസ്ഥാനത്ത് കപടശാസ്ത്രങ്ങളെ (Racial Science/Pseudoscience) പ്രതിഷ്ഠിക്കാനുള്ള ശ്രമങ്ങൾ നടക്കുന്നു.

ഇതോടൊപ്പം, ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാല (SNGOU) പോലുള്ളസംരംഭങ്ങൾ അഭിമുഖീകരിക്കുന്ന പ്രതിസന്ധികൾ വിദൂരവിദ്യാഭ്യാസ മേഖലയെ ആശ്രയിക്കുന്ന സാധാരണക്കാരായ വിദ്യാർത്ഥികളുടെ ഭാവിയാണ്അനിശ്ചിതത്വത്തിലാക്കുന്നത്.

ഇന്ന് സാഹിത്യത്തിനും ചരിത്രത്തിനും മുൻപില്ലാത്ത ഒരു രാഷ്ട്രീയ പ്രാധാന്യം കൈവന്നിരിക്കുന്നു. കാരണം, പാഠപുസ്തകത്തിന്റെ ചട്ടക്കൂട് മാത്രം നിലനിർത്തിക്കൊണ്ട് അതിന്റെ ഉള്ളടക്കം മുഴുവനായും മാറ്റിമറിക്കുന്ന ഒരു പ്രക്രിയയാണ് അരങ്ങേറുന്നത്. ചരിത്രം എന്നത് ഭൂതകാലത്തിന്റെ കേവലമായ വിവരങ്ങളല്ല, മറിച്ച് അതിന്റെ വ്യാഖ്യാനമാണ് എന്ന തിരിച്ചറിവിൽ നിന്നാണ് പുതിയ നീക്കങ്ങൾ ഉണ്ടാകുന്നത്. എന്നാൽ ആ വ്യാഖ്യാനം കഴിയുന്നത്ര വസ്തുനിഷ്ഠമാകണമെന്ന ജനാധിപത്യപരമായ നിബന്ധന ഇന്ന് ആവശ്യമില്ലാതായിരിക്കുന്നു. പകരം, ഫാഷിസത്തിന് അതിന്റെ നിലനിൽപ്പിന് ആവശ്യമായ ചരിത്രം ഏതാണോ, അത് മാത്രമായി ചരിത്ര ത്തെ തിരുത്തിയെഴുതുകയാണ്.

ഈ വിഷയം ചർച്ചയാകുമ്പോൾ കേവലം ചില്ലറ പാഠപുസ്തകങ്ങൾ മാറ്റുന്നതിനെക്കുറിച്ചുള്ള വാർത്തകൾ മാത്രമാണ് പുറത്തുവരുന്നത്. എന്നാൽ എല്ലാ സംസ്ഥാനങ്ങളിലും പ്രാദേശിക തലങ്ങളിൽ ഇതേ പ്രക്രിയ നിശ്ശബ്ദമായി നടക്കുന്നുണ്ട്, അതൊന്നും വലിയ വാർത്തയാകുന്നില്ല. ഈ പുതിയ പാഠപുസ്തകങ്ങളെ അടിസ്ഥാനമാക്കി പ്രോജക്ടുകൾ ചെയ്യുന്ന കുട്ടികൾ ദേശീയ

ടി ടി ശ്രീകുമാർ



നേതാക്കളായി പഠിക്കുന്നത് സവർക്കറെയും ഗോൾവാൾക്കറെയുമാണ്. എത്ര വലിയ മസ്തിഷ്ക പ്രക്ഷാളനമാണ് ഇതിലൂടെ നടക്കുന്നത് എന്ന് പലപ്പോഴും നാം തിരിച്ചറിയുന്നില്ല.

ഒരു രാഷ്ട്രത്തിലെ പൗരന്മാർ എന്ന നിലയിൽ കുട്ടികളിൽ ഐക്യവും സാഹോദര്യവും വളർത്തി അവരെ ഒരുമിച്ച് നിർത്താൻ പ്രാപ്തരാക്കുക എന്നതായിരുന്നു നാം മുമ്പ് ചരിത്രം പഠിപ്പിച്ചിരുന്നതിന്റെ പ്രധാന ലക്ഷ്യം. എന്നാൽ ഇന്ന് സംഘർഷത്തിന്റെയും വർഗീയ കാലുഷ്യത്തിന്റെയും വൈകാരികത കുട്ടികളിലേക്ക് കടത്തിവിടാനുള്ള ഒരു ഉപകരണമായി ചരിത്രപഠനം മാറിയിരിക്കുന്നു. ഇന്ത്യയുടെ ചരിത്രത്തിലെ ഏറ്റവും ഭീകരമായ കാലഘട്ടമായി മുഗൾ കാലഘട്ടത്തെ ചിത്രീകരിക്കുന്നത് ഇതിന്റെ ഭാഗമാണ്. യഥാർത്ഥത്തിൽ, കാർഷികസാമ്പത്തിക രംഗത്തും ഭരണസംവിധാനത്തിലും ഇന്ത്യ ആധുനികതയിലേക്ക് കടന്ന ഒരു കാലഘട്ടമായിരുന്നു അത്. മുഗൾ കാലഘട്ടത്തെ അവമതിക്കുന്നത് കേവലം ചരിത്രത്തോടുള്ള അനീതി മാത്രമല്ല, മറിച്ച് ഒരു 'ആഭ്യന്തര ശത്രുവിനെ' കൃത്യമായി നിർവചിക്കാനും അതുവഴി ഭൂരിപക്ഷ ഏകീകരണം സാധ്യമാക്കാനും വേണ്ടിയാണ്. ചരിത്രത്തിൽ പലതരത്തിലുള്ള സംഘർഷങ്ങൾ എല്ലാ കാലത്തും ഉണ്ടായിട്ടുണ്ട്. എന്നാൽ അവയെ മതപരമായ സംഘർഷങ്ങളായി ആദ്യമായി വ്യാഖ്യാനിച്ചത് കൊളോണിയൽ ശക്തികളാണ്. അവരുടെ 'ഭിന്നിപ്പിച്ച് ഭരിക്കുക' എന്ന നയത്തിന്റെ വിജയത്തിനായിട്ടായിരുന്നു അത്. ഇന്ന് അതേ തന്ത്രമാണ് ഇന്ത്യയിലെ ഫാഷിസ്റ്റ് ശക്തികളും പിന്തുടരുന്നത്. മുഗൾ ഭരണകൂടം പലപ്പോഴും ഒരു ആധുനിക മതേതര സമൂഹത്തിന്റെ രീതികളാണ് പിന്തുടർന്നത്. എല്ലാ മതവിഭാഗങ്ങൾക്കും ഭരണത്തിൽ സ്ഥാനമുണ്ടായിരുന്നു. എന്നിട്ടും കൊളോണിയൽ ശക്തികൾക്കെതിരെ വീറോടെ പോരാടിയ ടിപ്പു സുൽത്താൻ ദേശദ്രോഹിയും, മുഗൾ ഭരണത്തിനെതിരെ പോരാടിയ ശിവജി ദേശസ്നേഹിയുമാകുന്നതിന്റെ യുക്തി ഈ വർഗീയ ചരിത്രനിർമ്മിതിയിലാണ് അടങ്ങിയിരിക്കുന്നത്.

മുഗൾ ഭരണാധികാരികളിൽ ഭൂരിഭാഗവും ഇന്ത്യയിൽ ജനിച്ചുവളർന്നവരായിരുന്നു. ആദ്യകാലത്ത് ഇന്ത്യയിലേക്ക് വന്നവർ, ആര്യന്മാർ വന്ന അതേ പ്രദേശത്തുനിന്നുള്ളവരായിരുന്നു. മുഗളരെ വിദേശികളായി ചിത്രീകരിക്കുന്നതിലൂടെ, ഇന്ത്യയെ യഥാർത്ഥത്തിൽ ചൂഷണം ചെയ്യുകയും കൊള്ളയടിക്കുകയും ചെയ്ത കൊളോണിയൽ ശക്തികളെ വെള്ളപൂശുകയാണ് ചെയ്യുന്നത്.

പുതിയ വിദ്യാഭ്യാസ പരിഷ്കാരങ്ങൾക്ക് പിന്നിൽ സാംസ്കാരിക ദേശീയതയുടെ താൽപര്യങ്ങൾ മാത്രമല്ല, ആഗോള മുതലാളിത്വത്തിന്റെ താൽപര്യങ്ങൾ കൂടിയുണ്ട്. കുട്ടികൾ വിമർശനാത്മകമായി ചിന്തിക്കുന്ന പൗരന്മാരാകുന്നതിനേക്കാൾ, കേവലം തൊഴിൽ നൈപുണ്യമുള്ളവരായി മാറിയാൽ മതിയെന്ന കാഴ്ചപ്പാടാണ് ഇതിന് പിന്നിൽ. വിദ്യാഭ്യാസത്തെ കേവലമായ കൈവേലകൾ പഠിപ്പിക്കുന്ന ഒന്നാക്കി ചുരുക്കുകയാണ് ലക്ഷ്യം. ഇതിന്റെ ഭാഗമായാണ് ഉന്നതവിദ്യാഭ്യാസത്തിൽ നിന്നും വിദ്യാർത്ഥികളെ പിന്തിരിപ്പിക്കാൻ ലക്ഷ്യമിട്ടുള്ള 'എക്സിറ്റ് പോളിസി' പോലുള്ളവ വരുന്നത്. വിദ്യാർത്ഥികൾ ആഴത്തിൽ പഠിക്കരുത്, കാരണം അവരെ പുതിയ പ്ലാറ്റ്ഫോം മുതലാളിത്വത്തിന് ആവശ്യമായ ഒരു തൊഴിൽ ശക്തി (ണീൃസളീൃരല) മാത്രമായി ഒതുക്കുകയാണ് വേണ്ടത്. ദേശീയ വിദ്യാഭ്യാസ നയം (ചഋജ) തയ്യാറാക്കിയിരിക്കുന്നത് ഈ ലക്ഷ്യത്തോടെയാണ്, അല്ലാതെ വിദ്യാർത്ഥികൾ പഠിച്ച് വളരണം എന്ന ഉദ്ദേശത്തോടെയല്ല. അത് നടപ്പാക്കിത്തുടങ്ങിയ കഴിഞ്ഞ നാല് വർഷം കൊണ്ട് ഇന്ത്യൻ വിദ്യാഭ്യാസം ഏറെ പിറകോട്ടുപോയിരിക്കുന്നു. ഗവേഷണങ്ങളെ നിരുത്സാഹപ്പെടുത്തുകയും സ്ഥിരം ജോലി എന്ന സങ്കൽപ്പത്തെ ഇല്ലാതാക്കുകയും ചെയ്യുന്നത് ഇതിന്റെ ഭാഗമാണ്. വിരോധാഭാസമെന്നു പറയട്ടെ, സ്വതന്ത്ര കമ്പോളത്തിന്റെ പിതാവായ ആഡംസ്മിത്ത്

പോലും വിദ്യാഭ്യാസത്തിൽ സർക്കാർ ശക്തമായി ഇടപെടണമെന്നും അത് സൗജന്യമായി നൽകണമെന്നും വാദിച്ച വ്യക്തിയാണ്. ഈ സാംസ്കാരിക ദേശീയതയും ആഗോള മൂലധന ശക്തികളും തമ്മിലുള്ള ഈ ഒത്തുചേരലാണ് യഥാർത്ഥത്തിൽ ഫാഷിസം.
ചരിത്രത്തെ മാത്രമല്ല, നമ്മുടെ സാംസ്കാരിക വൈവിധ്യത്തെയും ഇല്ലാതാക്കാനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. കേരളത്തിന്റെ പശ്ചാത്തലത്തിൽ നോക്കിയാൽ, ദക്ഷിണ കേരളത്തിൽ നിലനിന്നിരുന്ന തമിഴ്മലയാളവും ഉത്തരകേരളത്തിലെ മുസ്‌ലീം സമുദായത്തിനിടയിൽ പ്രചാരത്തിലുണ്ടായിരുന്ന അറബിമലയാളവും തിരസ്കരിക്കപ്പെട്ടു. പകരം സംസ്കൃതവൽക്കരിക്കപ്പെട്ട ഒരു മലയാളം ഔദ്യോഗിക ഭാഷയായി സ്വീകരിക്കപ്പെട്ടു. പൂന്താനത്തിന്റെ ജ്ഞാനപ്പാനയും ഖാസി മുഹമ്മദിന്റെ മുഹ്യുദ്ദീൻ മാലയും ഒരുപോലെ ഭക്തിസാന്ദ്രമായ കൃതികളാണ്. എന്നാൽ ജ്ഞാനപ്പാന മുഖ്യധാരാ സാഹിത്യചരിത്രത്തിന്റെ ഭാഗമായപ്പോൾ, മുഹ്യുദ്ദീൻ മാല ഒരു സമുദായത്തിന്റെ മാത്രം ചരിത്രമായി ഒതുക്കപ്പെട്ടു. ഇത് ബോധപൂർവ്വമായ ഒരു തമസ്കരണത്തിന്റെ ഫലമാണ്. ഇതുപോലെ, കോഴിത്തമ്പുരാന്റെ തല കൊയ്ത ചെങ്ങന്നൂർ ആദിയുടെ കഥ പോലുള്ള കീഴാളചരിത്രങ്ങൾ നമ്മുടെ പാഠപുസ്തകങ്ങളിൽ ഇടംപിടിക്കുന്നില്ല.

സമൂഹത്തിൽ നിലനിൽക്കുന്ന അപരവൽക്കരണത്തിന്റെയും ഇസ്‌ലാമോഫോബിയയുടെയും പ്രതിഫലനമെത്തി നിൽക്കുന്നത് നമ്മൾ ആധുനികതയുടെ പ്രതീകമായി വിശേഷിപ്പിക്കുന്ന ലാംഗ്വേജ് മോഡലുകൾ എന്ന് ഘോഷിക്കുന്ന നിർമിത ബുദ്ധിയിൽ വരെയാണ്. ഒരമേരിക്കൻ സമൂഹ്യ ശാസ്ത്രജ്ഞൻ ഒരു പരീക്ഷണം നടത്തി. അദ്ദേഹം 'ഒരു അമേരിക്കൻ വെളുത്ത വർഗക്കാരൻ ഒരു ബൈക്ക് വിൽക്കാൻ ശ്രമിക്കുകയാണ്. ഇതാണ് ബൈക്ക്, ഇതിനെത്ര വില കിട്ടുമെന്ന് ഒരു ലാംഗ്വേജ് മോഡലിനോട് ചോദിക്കുന്നുണ്ട്'. അതിനു 180 ഡോളർ കിട്ടുമെന്ന് പറഞ്ഞ ചാറ്റ് ജി പി ടി, പേര് മാത്രം മാറ്റി ജമാൽ എന്നു കൊടുത്ത് ചോദ്യം ആവർത്തിക്കുമ്പോൾ 75 ഡോളർ എന്നു തിരുത്തിപറയുന്നുണ്ട്. അദ്ദേഹം തന്റെ പുസ്തകത്തിൽ സ്ക്രീൻ ഷോട്ട് സഹിതം അനുഭവം പങ്കുവെക്കുന്നുണ്ട്. എത്രമാത്രം ആഴത്തിലുള്ള ഒരു വിമോചന സമരത്തിനാണ് നമ്മൾ തയാറെടുക്കേണ്ടത് എന്ന് ബോധ്യപ്പെടുത്തുന്നുണ്ട് ഇത്തരം കാര്യങ്ങൾ.



# വൈവിധ്യങ്ങളുടെ പ്രതിനിധാനം: മിഥ്യയും യാഥാർത്ഥ്യവും


ചെറുപ്പം മുതലേ നാം പാഠപുസ്തകങ്ങളിലും പ്രസംഗങ്ങളിലും കേട്ടുപഠിക്കുന്ന ഒന്നാണ് ഇന്ത്യയുടെ 'നാനാത്വത്തിൽ ഏകത്വം' എന്ന ആശയം. ഇന്ത്യ, ചരിത്രാതീത കാലം മുതലേ ഈ വൈവിധ്യങ്ങളോടെ സമാധാനപരമായി നിലനിന്ന ഒരു മനോഹരമായ സ്ഥലമായിരുന്നുവെന്നും, മുഗളരടക്കമുള്ളവരുടെ കുടിയേറ്റവും ഭരണവുമാണ് ഈ സൗന്ദര്യം കെടുത്തിയത് എന്നുമുള്ള ഒരു ബോധം വ്യാപകമായി പ്രചരിപ്പിക്കപ്പെടുന്നുണ്ട്. ഈയൊരു വ്യാജചരിത്ര നിർമ്മിതിക്ക് വേണ്ടിക്കൂടിയാണ് ഫാഷിസ്റ്റ് സർക്കാർ പാഠപുസ്തകങ്ങൾ തിരുത്തിയെഴുതുന്നത്. എന്നാൽ ഈ പ്രചാരണത്തിന്റെ ചരിത്രപരമായ യാഥാർത്ഥ്യം എന്താണ്? ഇന്ത്യക്ക് നൂറ്റാണ്ടുകൾ പഴക്കമുള്ള ഗ്രന്ഥങ്ങളും സമ്പന്നമായ

വിനിൽ പോൾ

ചരിത്രവുമുണ്ടെങ്കിലും, ആ പാരമ്പര്യത്തിൽ മനുഷ്യൻ, മനുഷ്യത്വം, സാഹോദര്യം തുടങ്ങിയ ആധുനിക സങ്കൽപ്പങ്ങൾക്ക് സ്ഥാനമുണ്ടായിരുന്നില്ല. മനുഷ്യരെ അവരുടെ ജാതിയുടെ അടിസ്ഥാനത്തിൽ മാത്രമാണ് പരിഗണിച്ചിരുന്നത്. ഈ വിവേചനത്തെ ന്യായീകരിക്കാൻ പല സിദ്ധാന്തങ്ങളും രൂപപ്പെട്ടിട്ടുണ്ട്. അതിൽ പ്രധാനമാണ് 'സനാതന ധർമ്മം' എന്ന ആശയം. ഇത് ഏറ്റവും ശ്രേഷ്ഠമായ, സ്വന്തം അസ്തിത്വത്തെക്കുറിച്ചുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരം നൽകുന്ന ലോകത്തിലെ ഒരേയൊരു തത്വസംഹിതയാണെന്നും വ്യാപകമായി പ്രചരിപ്പിക്കപ്പെടുന്നു. 'ഞാൻ എങ്ങനെ ഇവിടെ വന്നു?' എന്ന അടിസ്ഥാന ചോദ്യത്തിന് ഉത്തരം നൽകുന്ന ഒരേയൊരു സിദ്ധാന്തം ഇതാണെന്ന് വാദിക്കുന്നവർ, യഥാർത്ഥത്തിൽ ജാതിവ്യവസ്ഥയെ ഊട്ടിയുറപ്പിക്കുകയാണ് ചെയ്യുന്നത്. മുൻ ജന്മത്തിലെ പ്രവൃത്തികളാണ് ഓരോ വ്യക്തിയെയും ഇന്നത്തെ ജാതിയിൽ ഉന്നതനോ നീചനോ ആക്കുന്നത് എന്ന് പറയുന്ന ഈ സിദ്ധാന്തം ഉയർന്ന ജാതിയിൽപ്പെട്ട പുരുഷന്മാർക്കൊഴികെ മറ്റാർക്കും മനുഷ്യൻ എന്ന പരിഗണന പോലും നൽകുന്നില്ല. ഈ ജാതിവ്യവസ്ഥ കർശനമായി നിലനിർത്താനുള്ള വഴികളും സനാതന ധർമ്മം നിർദ്ദേശിക്കുന്നുണ്ട്. ഉദാഹരണത്തിന്, വേദം കേൾക്കുന്ന ശൂദ്രന്റെ ചെവിയിൽ ഈയം ഉരുക്കിയൊഴിക്കണം എന്ന നിബന്ധന പോലുള്ള മനുഷ്യത്വവിരുദ്ധമായ നിയമങ്ങൾ ഈ വ്യവസ്ഥയുടെ ക്രൂരമായ സംഭാവനകളാണ്. അത്തരം മനുഷ്യവിരുദ്ധ ഗ്രന്ഥങ്ങൾ സംഭാവന ചെയ്ത ഒരു രാജ്യമാണ് പൗരാണിക ഇന്ത്യ.

വിദേശ ഭരണഘടനകളിൽ നിന്ന് കടമെടുത്ത ആശയങ്ങളാൽ നിർമ്മിതമാണ് എന്നതാണ് ഇന്ത്യൻ ഭരണഘടനക്കെതിരെ ഉയരുന്ന പ്രധാന വിമർശനം. ഇന്ത്യയിൽ എഴുതപ്പെട്ട പുരാണ ഗ്രന്ഥങ്ങളിൽ നിന്ന് ഒന്നും സ്വീകരിച്ചില്ലെന്നും ആക്ഷേപമുണ്ട്. ഡോ. ബി.ആർ. അംബേദ്കർ അടക്കമുള്ള ഭരണഘടനാ ശില്പികൾ ഇന്ത്യയുടെ പൗരാണിക ഗ്രന്ഥങ്ങളിൽ നിന്ന് ആശയങ്ങൾ സ്വീകരിക്കാതിരിക്കാൻ വ്യക്തമായ കാരണമുണ്ടായിരുന്നു. മനുഷ്യനെ ജാതിയായി തരംതിരിക്കാതെ, തുല്യനായി പരിഗണിക്കുന്ന ഒരു തത്വസംഹിതയോ ഗ്രന്ഥമോ ഇവിടെ എഴുതപ്പെട്ടിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. ഓരോരുത്തരും അവർ ജനിച്ച ജാതിയിൽത്തന്നെ ജീവിച്ച് മരിക്കണം എന്ന കർശനമായ നിബന്ധനയാണ് ഇന്ത്യയെ ഒരു 'അടഞ്ഞ സമൂഹം' (ഇഹീലെറ ടീരശലാ്യ) ആക്കി മാറ്റിയത്. ഈ സാമൂഹിക ഘടനയെ ആദ്യമായി മാറ്റിമറിച്ചത് ബ്രിട്ടീഷ് ഭരണവും അതിലൂടെ ലഭിച്ച പാശ്ചാത്യ വിദ്യാഭ്യാസവുമാണ്. പത്തൊൻപതാം നൂറ്റാണ്ടിന്റെ തുടക്കം വരെ 'സതി' ഇന്ത്യയിൽ ആർക്കും ഒരു സാമൂഹിക പ്രശ്നമായി തോന്നിയിരുന്നില്ല എന്നത് ഇതിന്റെ ഏറ്റവും വലിയ സൂചകമാണ്. ബ്രിട്ടീഷ് വിദ്യാഭ്യാസം ലഭിച്ച രാജാ റാം മോഹൻ റോയിയെപ്പോലുള്ള സാമൂഹിക പരിഷ്കർത്താക്കളാണ് അതിനെ പ്രശ്നവൽക്കരിച്ചത്. പുരുഷസൂക്തം പോലുള്ള വേദമന്ത്രങ്ങൾ മനുഷ്യത്വ വിരുദ്ധമാണെന്ന് ആദ്യമായി പറഞ്ഞ ഇന്ത്യക്കാരൻ അംബേദ്കറാണ്. അത്രയും കാലം മറ്റാർക്കും അങ്ങനെയൊന്ന് തോന്നാതിരുന്നത് നമ്മുടെ ചിന്തകളെപ്പോലും അടിമപ്പെടുത്താൻ ഇവിടുത്തെ ജാതീയ വ്യവസ്ഥക്ക് കഴിഞ്ഞിരുന്നു എന്നതുകൊണ്ടാണ്.

സ്വാതന്ത്ര്യം ലഭിച്ച് പതിറ്റാണ്ടുകൾക്ക് ശേഷവും അടിമത്തത്തിന്റെ ഭാരം പേറുകയാണ്. ദളിതരും ആദിവാസികളും ന്യൂനപക്ഷങ്ങളുമെല്ലാം 'അപരന്മാരും', യഥാർത്ഥ ഇന്ത്യക്കാരല്ലെന്നുമുള്ള രീതിയിൽ പരിഗണിക്കപ്പെടുന്നു. ജനാധിപത്യവിരുദ്ധമായ പ്രവർത്തനങ്ങളെ ചോദ്യം ചെയ്യുമ്പോൾ, അവരോട് രാജ്യം വിട്ടുപോകാനാണ് ആക്രോശിക്കുന്നത്. ഈ ദളിതരും ആദിവാസികളും ന്യൂനപക്ഷങ്ങളും അടങ്ങുന്നതാണ് ആധുനിക ഇന്ത്യയെന്ന് ഉൾക്കൊള്ളാൻ ഇക്കൂട്ടർക്ക് സാധിക്കുന്നില്ല. സ്വാതന്ത്ര്യത്തിന്റെ ആദ്യ ദശകങ്ങളിൽ ഈ വൈവിധ്യത്തെ ഉൾക്കൊള്ളാനുള്ള ആത്മാർത്ഥമായ ശ്രമങ്ങൾ നടന്നിരുന്നു. അതിന്റെ ഏറ്റവും മികച്ച ഉദാഹരണമായിരുന്നു ദളിത് സ്ത്രീയായ ദാക്ഷായണി വേലായുധന്റെ ഭരണഘടനാ നിർമ്മാണ സമിതിയിലെ അംഗത്വം. എന്നാൽ പിൽക്കാലത്ത് ആ മനോഭാവത്തിൽ വലിയ മാറ്റം വന്നു. ദളിതർക്കും ആദിവാസികൾക്കും ന്യൂനപക്ഷങ്ങൾക്കും അധികാര സ്ഥാനങ്ങളിൽ പ്രാതിനിധ്യം കുറഞ്ഞുവന്നു. അമേരിക്കൻ സ്വാതന്ത്ര്യ സമരത്തിന്റെ പ്രധാന മുദ്രാവാക്യം 'പ്രാതിനിധ്യമില്ലാതെ നികുതിയില്ല' (No Taxation without Representation) എന്നതായിരുന്നു. ജനാധിപത്യത്തിൽ പ്രാതിനിധ്യത്തിനുള്ള പ്രാധാന്യമാണ് അത് വ്യക്തമാക്കുന്നത്. എന്നാൽ ഇന്ത്യയിലെ പ്രാചീന ഗ്രന്ഥങ്ങൾ മനുഷ്യരെന്ന നിലയിലുള്ള അടിസ്ഥാന പ്രാതിനിധ്യം പോലും നിഷേധിക്കുന്നതായിരുന്നു. അതുകൊണ്ടാണ് ഡോ. അംബേദ്കർ ആ വ്യവസ്ഥയുടെ പ്രതീകമായ മനുസ്മൃതി



പരസ്യമായി കത്തിച്ചത്. തിരുവിതാംകൂർ, കൊച്ചി പോലുള്ള നാട്ടുരാജ്യങ്ങളെല്ലാം മനുസ്മൃതിയെ അടിസ്ഥാനമാക്കിയാണ് ഭരണം നടത്തിയിരുന്നത്. അവിടത്തെ മുസ്‌ലിങ്ങളും ക്രിസ്ത്യാനികളും പോലും മനുസ്മൃതിയിലെ നിയമങ്ങൾക്ക് വിധേയമായി ജീവിക്കണമെന്നായിരുന്നു വ്യവസ്ഥ. അപൂർവ്വം ചില കാര്യങ്ങളിൽ മാത്രമാണ് അവർക്ക് ഇളവുകൾ ഉണ്ടായിരുന്നത്. അക്കാലത്ത് നമ്മുടെ പൂർവ്വികർ അനുഭവിച്ച കൊടിയ പീഡനങ്ങളെക്കുറിച്ചറിയാൻ തിരുവിതാംകൂർ പുറപ്പെടുവിച്ച നിയമങ്ങൾ മാത്രം പരിശോധിച്ചാൽ മതി. 'ഉഴുതുമ്മേൽ കുട്ടൻ' എന്ന ഈഴവൻ നടത്തിയ സമരത്തെ തുടർന്നാണ് ഈഴവ സമുദായത്തിലെ കുട്ടികൾക്ക് പശുവിൻ പാൽ കുടിക്കാൻ അനുവാദം ലഭിക്കുന്നത്. ചെരിപ്പിടാനുള്ള അവകാശം, കാത് കുത്താനുള്ള അവകാശം എന്നിവയെല്ലാം സമരങ്ങളിലൂടെ നേടിയെടുക്കേണ്ടി വന്നു വെന്നത് അത്രയും കാലം അതൊന്നും അനുവദിച്ചിരുന്നില്ല എന്നതിന്റെ തെളിവാണ്.

ഈ പഴയ വ്യവസ്ഥ തിരികെ കൊണ്ടുവരാനും ദുർബല വിഭാഗങ്ങളുടെ പ്രാതിനിധ്യം ഇല്ലാതാക്കാനുമുള്ള ശ്രമമാണ് ഇപ്പോൾ രാജ്യവ്യാപകമായി നടക്കുന്നത്. 1930ൽ ലണ്ടനിൽ നടന്ന വട്ടമേശ സമ്മേളനത്തിൽ, ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിച്ചാൽ എന്ത് സംഭവിക്കും എന്ന ചോദ്യത്തിന് അംബേദ്കർ നൽകിയ മറുപടി, ഇന്ത്യ ഒരു 'ഒലിഗാർക്കി' (ഛഹശഴമൃരവ്യ  ഒരു ചെറിയ വിഭാഗം ആളുകൾ ഭരണം കയ്യാളുന്ന അവസ്ഥ) ആയിത്തീരും എന്നായിരുന്നു. അത് തന്നെയാണ് ഇന്നും സംഭവിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിന്റെ അവസ്ഥ പരിശോധിച്ചാൽ ഈ പ്രാതിനിധ്യത്തിലെ അസന്തുലിതാവസ്ഥ വ്യക്തമാകും. കേരളത്തിൽ ഇതുവരെ ഭരിച്ച മുഖ്യമന്ത്രിമാരിൽ 30 വർഷത്തിലധികം ഭരണം കയ്യാളിയത് നായർ വിഭാഗത്തിൽ നിന്നുള്ളവരാണ്. ബാക്കിയുള്ള കാലയളവിൽ ഭൂരിഭാഗവും ക്രിസ്ത്യൻ സമുദായത്തിൽ നിന്നുള്ളവരായിരുന്നു. ജനസംഖ്യയിൽ വളരെ കുറവായ ബ്രാഹ്മണ വിഭാഗത്തിൽ നിന്നുപോലും മുഖ്യമന്ത്രിയുണ്ടായി. കേരളത്തിലെ മന്ത്രിമാരുടെ കണക്കെടുത്താൽ, നായർ വിഭാഗത്തിൽ നിന്ന് ഇതുവരെ 112 മന്ത്രിമാരും ക്രിസ്ത്യൻ വിഭാഗത്തിൽ നിന്ന് 75 മന്ത്രിമാരും ഉണ്ടായിട്ടുണ്ട്. എന്നാൽ കേരളത്തിൽ ഏറ്റവും ജനസംഖ്യയുള്ള ഈഴവ സമുദായത്തിൽ നിന്ന് 64 മന്ത്രിമാരും, ജനസംഖ്യയിൽ രണ്ടാമതുള്ള മുസ്‌ലിം സമുദായത്തിൽ നിന്ന് 65 മന്ത്രിമാരുമാണ് ഉണ്ടായത്. ഇത് അധികാര പങ്കാളിത്തത്തിലെ ഭീമമായ വിടവ് വ്യക്തമാക്കുന്നു. കേരളത്തിലെ സർക്കാർ ജോലികളിലും ഈ അസന്തുലിതാവസ്ഥ പ്രകടമാണ്. ക്രിസ്ത്യൻ, നായർ വിഭാഗങ്ങൾ ജനസംഖ്യാനുപാതികമായി വളരെ മുന്നിലാണ്.

നാട്ടുരാജാക്കന്മാർക്ക് കോടിക്കണക്കിന് രൂപ പെൻഷൻ നൽകുന്ന നാടാണ് കേരളം. 1972ൽ ഇന്ദിരാഗാന്ധി നിർത്തലാക്കിയ പ്രിവി പേഴ്സ്, 2014ൽ ഉമ്മൻ ചാണ്ടി സർക്കാർ 'പെൻഷൻ' എന്ന പേരിൽ പുനഃസ്ഥാപിച്ചു. 20142019 കാലയളവിൽ 19 കോടി രൂപയാണ് ഇത്തരത്തിൽ രാജകുടുംബങ്ങൾക്ക് നൽകിയത്. അഗ്രഹാരങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി ലക്ഷങ്ങൾ അനുവദിക്കുമ്പോൾ, ഒരു പട്ടികജാതിക്കാരന് വീട് വെക്കാൻ സഹായം ലഭിക്കാൻ കടമ്പകളേറെയാണ്. ഇതെല്ലാം സംഭവിക്കുന്നത് അധികാരത്തിലെ പ്രാതിനിധ്യത്തിന്റെ അഭാവം കൊണ്ടാണ്. യഥാർത്ഥ വൈവിധ്യങ്ങളെ അംഗീകരിക്കുകയും അധികാരത്തിൽ അർഹമായ പ്രാതിനിധ്യം നൽകുകയും ചെയ്യാതെ, ഇന്ത്യക്ക് ഒരു യഥാർത്ഥ ജനാധിപത്യ രാഷ്ട്രമായി മുന്നോട്ട് പോകാൻ സാധിക്കുകയില്ല.



# ചിഹ്നങ്ങൾ: മനുഷ്യനും ലോകത്തിനുമിടയിലെ മീഡിയേറ്റർ

കെ ഇ എൻ

പുസ്തകങ്ങൾ, പ്രസിദ്ധീകരണങ്ങൾ, പുസ്തക ചന്തയിലെ തിരക്കുകൾ തുടങ്ങിയവയെല്ലാം നമ്മുടെ ജീവതത്തിന്റെ വളർച്ചയെയാണ് സൂചിപ്പിക്കുന്നത്. ഇതിനെയാണ് നാം പികൃുലി (Physical Quality of Life Index) എന്ന് വിളിക്കുന്നത്. എന്നാൽ പികൃുലിയുടെ വളർച്ചക്കനുസരിച്ച് നമ്മുടെ സികൃുലി (Cultural Quality of Life Index) വർധിച്ചിട്ടില്ല. ഇതൊരു വൈരുധ്യമാണ്. സതൃത്തിൽ എഴുത്തും വായനയും അഡ്രസ്സ് ചെയ്യേണ്ടത് ഈ വൈരുധ്യത്തെയാണ്. ഇത്രയേറെ സൗകര്യങ്ങളുള്ള ഒരു ലോകത്ത് ജീവിക്കുമ്പോഴും മനുഷ്യൻ എന്തു കൊണ്ടാണ് വേണ്ടത്ര സാംസ്കാരികമായ വളർച്ച സാധ്യമാക്കാത്തത്? ആ വിധം വളരാൻ സാധ്യമാവാത്തപ്പോഴാണ് ഒരു എഴുത്ത്, വായന, വിമർശനം, ഒത്തുചേരൽ, സാംസ്കാരിക സമ്മേളനം, വിദ്യാഭ്യാസ പ്രവർത്തനം, ജീവകാരുണ്യ പ്രവർത്തനം ഉൾപ്പെടെയുള്ള സാംസ്കാരിക പ്രവർത്തനകളുടെ പ്രസക്തമാകുന്നത്.

നാം ഉച്ചരിക്കുന്ന ഓരോ വാക്കും നമ്മുടെ സാമൂഹിക ജീവിതത്തെ മുഴുവനായും പ്രതിനിധീകരിക്കുന്നുണ്ട്. ഒരു വാക്കും ഒരാളുടെയും സ്വകാര്യ സ്വത്തല്ല. “ഞാൻ എഴുതിയൊരു വാക്കാണ്, ഞാൻ ഉച്ചരിച്ചൊരു വാക്കാണ്, അത് വേറൊരാൾ ഉപയോഗിക്കാൻ പാടില്ല” എന്ന് പറാൻ പറ്റില്ല. എന്നാൽ, ചിതറിക്കിടക്കുന്ന വാക്കുകളെ ഒരു കവി കൂട്ടി ചേർത്തതിനെ ഒരാൾ മോഷ്ടിക്കുമ്പോൾ അയാൾ പിടിക്കപ്പെടും. അത് വാക്കുകൾ ഉപയോഗിച്ചത് കൊണ്ടല്ല ആ വാക്കിൽ നിന്ന് രൂപപ്പെടുത്തിയ നക്ഷത്ര തിളക്കമുള്ള സർഗാത്മകതയെ (creativity) കവർന്നത് കൊണ്ടാണ്.


മനുഷ്യ ജീവിതങ്ങളെ മനുഷ്യ ജീവിതമാക്കുന്നതിൽ, ബന്ധങ്ങളെ സൂക്ഷ്മവും സാന്ദ്രവുമാക്കുന്നതിൽ ഉള്ളിൽ നിന്ന് വരുന്ന സംഭാഷണങ്ങൾ, ആത്മാർഥമായ ചേർത്തു പിടിക്കലുകൾ എന്നിവക്ക് വലിയ പ്രസക്തിയുണ്ട്. ആശയവിനിമയം നടക്കണ മെങ്കിൽ നാം നമ്മളിൽ മാത്രമായി ജീവിച്ചാൽ മതിയാകില്ല. നമ്മുടെ ജീവിതം ആരംഭിക്കുന്നത് നമ്മിൽ തന്നെയാണെങ്കിലും അതൊരിക്കലും നമ്മിൽ മാത്രം ഒതുങ്ങിപ്പോകരുത്. നമ്മെ അറിയുന്ന മനുഷ്യരിലേക്ക്, അറിയാത്തവരിലേക്ക്, പ്രകൃതിയിലേക്ക്, മൂല്യങ്ങളിലേക്ക് , സൗന്ദര്യ സങ്കൽപ്പങ്ങളിലേക്ക് ഒക്കെ പടർന്നു പന്തലിക്കണം. അപ്പോൾ നമുക്ക് പലതിനെ കുറിച്ചും പറയാനുണ്ടാകും. ഒന്നും പറയാനില്ലല്ലോ എന്ന അവസ്ഥയിൽ നിന്ന് ഒന്നും പറഞ്ഞ് തീർന്നില്ലല്ലോ എന്നൊരു അവസ്ഥയിലേക്ക് അപ്പോൾ നമ്മൾ മാറും. വെറുതെ എന്തെങ്കിലും പറയുമ്പോൾ വാക്കുകൾക്ക് സൂക്ഷ്മതയും മൂർച്ചയും ഉണ്ടാവില്ല. എല്ലാത്തിനും ഒരു ക്രമപ്പെടുത്തൽ സംവിധാനം ആവശ്യമാണ്. അതുകൊണ്ടാണ് സംവിധാനമാണ് കല എന്ന് പറയുന്നത്.


സംഭാഷണം എങ്ങനെ ആവണമെന്നത് നമുക്ക് മുൻകൂട്ടി തീരുമാനിക്കാൻ കഴിയില്ല. അത് സന്ദർഭാവിഷ്കാരമാണ്. ഓരോ ടെക്സ്റ്റും (text) കോൺടെക്സ്റ്റുമായി (context) ബന്ധപ്പെട്ട് കിടക്കുന്നവയാണ്. നെൽവയലിൽ കാപ്പിച്ചെടി ഒരു കളയാണ്. സമാനമായി കാപ്പിത്തോട്ടത്തിൽ നെൽച്ചെടിയും ഒരു കളയാണ്. സന്ദർഭങ്ങളാണ് കളയെ നിർണയിക്കുന്നത്. സത്യത്തിൽ കളയാനായി ഒന്നുമില്ല. അതുപോലെ ചില പ്രത്യേക സന്ദർഭങ്ങളിലാണ് ചിലത് സാഹിത്യമാകുന്നതും ചിലത് സാഹിത്യമാവാതിരിക്കുന്നതും.

നമ്മുടെ കൺമുമ്പിൽ വെച്ച് ഒരു ജനത പൂർണ്ണമായും ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. ഫലസ്തീനിന്റെ സാഹിത്യം പ്രതിരോധ സാഹിത്യമാണ് (Resistance Literature). മഹ്മൂദ് ദർവേശ് ഒരു അഭിമുഖത്തിൽ പറയുന്നുണ്ട്, അദ്ദേഹത്തിന്റെ ഒരു കവിതയിൽ അദ്ദേഹം തന്റെ ഉമ്മയെ കുറിച്ചാണ് ‘മദർ’ എന്ന് ഉപയോഗിച്ചത് എന്ന്. പക്ഷേ, ഫലസ്തീനുകാർ മുഴുവൻ അതിനെ വായിച്ചത് ഫലസ്തീൻ എന്ന അർഥത്തിലാണ്. അദ്ദേഹം പറയുന്നുണ്ട്, “ഞാൻ ഫലസ്തീനിനെ കുറിച്ച് ഒരുപാട് കവിതകൾ എഴുതിയിട്ടുണ്ട്, ഇനിയും എഴുതും. ഈ കവിത ഞാൻ എന്റെ ഉമ്മയെ കുറിച്ച് എഴുതിയതാണ്. എന്നാൽ ഒരു ഫലസ്തീനുകാരനും ഇത് സമ്മതിച്ചു തരുന്നില്ല.” എന്തുകൊണ്ടാണിങ്ങനെ സംഭവിക്കുന്നത്? എഴുത്തുകാരന്റെ സാക്ഷ്യവും വായനക്കാരന്റെ സാക്ഷ്യവും വ്യത്യസ്തമാണ്. ”എന്റെ രാജ്യമാണ് എന്റെ ഏറ്റവും പുതിയ കവിത“ എന്ന് ദർവേശ് പറയുമ്പോൾ കേരളത്തിന്റെ പശ്ചാത്തലത്തിൽ നമുക്കത് വലിയ സംഭവമായി തോന്നില്ല. എന്നാൽ ഫലസ്തീനുകാർക്ക് അതങ്ങനെയല്ല. സന്ദർഭം പ്രധാനമാകുന്ന വിധമാണത്.

നമ്മുടെ കാലത്തിന്റെ വളർച്ചക്കനുസരിച്ച് നാം സാമൂഹികമായും സാംസ്കാരികമായും വളരുന്നില്ല എന്ന വസ്തുത ഖേദകരമാണ്. കേരളത്തിൽ പോലും ഈയൊരു ബന്ധനഷ്ടം നമുക്ക് കാണാൻ സാധിക്കുന്നുണ്ട്. അതുകൊണ്ടാണ് “സല്ലാപം” എന്ന പേരിൽ സർക്കാർ പുതിയൊരു പദ്ധതി രൂപപ്പെടുത്താൻ തയ്യാറാവുന്നത്. ഇത് നവ സാമ്രാജ്യത്വത്തിന്റെ (Neo imperialism) സൃഷ്ടിയാണ്. ലോകത്ത് ആദ്യമായി എകാന്തതക്കൊരു മന്ത്രി വരുന്നത് ബ്രിട്ടനിലാണ്. ജീവിതത്തിൽ എല്ലാ സൗകര്യങ്ങളും ഉണ്ടായിട്ടും പങ്കുവെക്കാൻ ഒരാളില്ലാത്ത അവസ്ഥ വ്യാപകമായതു കൊണ്ടാണ് ബ്രിട്ടനിൽ ഇത്തരത്തിലൊരു വകുപ്പ് രൂപപ്പെട്ടത്. കലയുടെ, സാഹിത്യത്തിന്റെ ധർമം തന്നെ ബന്ധവിസ്തൃതിയാണ്.

Humankind: A Hopeful History എന്ന ഞൗഴേല്യ ആൂലഴാമി ന്റെ പുസ്തകത്തിൽ ഒരു മുത്തച്ഛൻ തന്റെ പേരക്കുട്ടിയുമായി നടത്തുന്ന സംഭാഷണത്തിൽ രണ്ട് ചെന്നായകളുടെ കഥ പറയുന്നുണ്ട്. കഥയുടെ അവസാനത്തിൽ ആര് ജയിക്കും എന്ന ചോദ്യത്തിന്, നാം കൂടുതൽ ഭക്ഷണം കൊടുക്കുന്നത് എന്നാണ് മറുപടി. നാം കൂടുതൽ പരിഗണിക്കേണ്ടത് മാനുഷിക മൂല്യങ്ങൾക്കാണ്, വിദ്വേഷങ്ങൾക്കല്ല എന്ന സന്ദേശമാണ് ഈ കഥ നമുക്ക് നൽകുന്നത്.





# Writing Is Inherently Political

**I wish to explore two key questions regarding the relationship between religions and classes:**

1.How much of a writer's work is truly real or autobiographical? A writer's experience is not limited to physical observation; it also encompasses imagination, dreams, and personal introspection. Therefore, everything a writer creates is, in a profound sense, their own experience. The writer's creativity is a tool for exploring the various dimensions of human emotion. Consider Franz Kafka's novel, The Metamorphosis, where the protagonist inexplicably transforms into a giant insect. This is a surreal event, yet it was, in its essence, a metaphor for Kafka's own life and his experience of existential alienation. The Hungarian critic György Lukács once criticized Kafka for being detached from reality. But after Lukács was unjustly arrested and imprisoned for an unknown reason, he emerged and declared, "Kafka was a realist." He had finally experienced the very real absurdity that Kafka had so masterfully depicted. The writings of every nation are important for everyone, everywhere in the world, because they allow us to connect with a universal human experience and become more empathetic beings.

2.Is literature political? In my opinion, writing is inherently political. Even a family drama is political, because the family is a microcosm of society and, by extension, politics in its broader sense—not just party politics. A friend from a Palestinian refugee camp once told me: "No love story can be written in Palestine without the presence of a security guard." This single observation reveals a personal truth that is heavily political in nature. Similarly, a friend from Iraq spoke of the chaos of receiving too many wrong numbers. He realized that the telecommunications system of the entire nation had collapsed, making it impossible for people to connect with their intended recipients. This deeply personal struggle to communicate is a powerful, political statement about the state of a nation. I recently watched a one-minute video of a boy from a war-torn country who, despite having real legs, practices walking with prosthetic ones. The video said nothing directly, yet it touched the heart of every viewer. This is the power of literature: its ability to convey complex political and social truths through deeply personal, often unspoken, experiences.

In conclusion, I would like to commend SSF once again for its tireless efforts in making our nation and society more democratic, more literate, and more creative.



**Vivek Shanbhag**
an acclaimed Kannada writer

# എസ്.എസ്.എഫ് നടത്തുന്നത് സാഹിത്യത്തിൻ്റെ ആത്മാവറിഞ്ഞ മുന്നേറ്റം

എസ്.എസ്.എഫ് സാഹിത്യോത്സവം 30 വർഷം പിന്നിട്ട് വിജയപ്രദമായി മുന്നോട്ട് നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഇവിടെ സ്വാഗത പ്രാസംഗികൻ പറഞ്ഞത് പോലെ എസ്.എസ്.എഫുമായിട്ടുള്ള ബന്ധം അതിൻറെ ഒരു സ്വന്തം ആളായിട്ട് എന്നെ മാറ്റിയിട്ടുണ്ട്. എനിക്കതിൽ വളരെ സന്തോഷമേയുള്ളൂ. ഇന്ന് കേരളത്തിൽ നടക്കുന്ന മറ്റ് സാഹിത്യോത്സവങ്ങളിൽ നിന്ന് വ്യത്യസ്തമായി ഒരു മൂല്യത്തിൽ നിന്ന് കൊണ്ട് വിദ്യാർത്ഥികളെ നല്ലതിലേക്ക് നയിക്കുന്ന ഒരു പ്രസ്ഥാനമാണ് സാഹിത്യോത്സവ്. ഏതെങ്കിലും ഒരു നഗരത്തിൽ കേന്ദ്രീകൃതമായി കുറെ കെട്ടിക്കാഴ്ചകൾ നടത്തുകയല്ല എസ്.എസ്.എഫ് ചെയ്യുന്നത്. പകരം കുടുംബങ്ങളിൽ നിന്ന് തുടങ്ങി യൂണിറ്റിലൂടെ വന്ന് ജില്ലാതലങ്ങളും പിന്നിട്ട് സംസ്ഥാന തലത്തിലുള്ള വലിയ ഉത്സവത്തിൽ ഇത് സമാപിക്കുന്നു.

കേരളത്തിൽ എങ്ങനെയാണോ കാലവർഷം എല്ലാ ജില്ലകളെയും പഞ്ചായത്തുകളും സ്പർശിച്ചു കൊണ്ട് കടന്നുപോകുന്നത് അതേപോലെ സാഹിത്യോത്സവ് കേരളത്തിൻറെ ഓരോ മൺതരികളേയും സ്പർശിച്ചുകൊണ്ടാണ് അവസാന വിജയത്തിലേക്ക് എത്തിച്ചേരുന്നത്. സംസ്ഥാനതലം കഴിഞ്ഞ് ദേശീയതലത്തിലും എസ്.എസ്.എഫ് സാഹിത്യോത്സവം നടക്കുന്നു. വിദേശങ്ങളിൽ നടക്കുന്നു. ഇങ്ങനെ കേരളത്തിൻറെ മഹത്തായ സാഹിത്യ പാരമ്പര്യം എന്ന് പറഞ്ഞാൽ സമുദായങ്ങളുടെ സൗഹാർദത്തിന്റെ പാരമ്പര്യവും കൂടിയാണ്. അതു മുന്നോട്ടുവയ്ക്കുന്ന ശുഭകാംക്ഷി ആയിട്ടുള്ള ഒരു പ്രസ്ഥാനമാണ് എസ്.എസ്.എഫ്.

മനുഷ്യ മനസ്സിൻറെ ആഴങ്ങളിലേക്ക് സമൂഹത്തെയും മനുഷ്യജീവിതത്തെയും സാഹിത്യം പകർത്തി വയ്ക്കുന്നു. അത് പോലെ സാഹിത്യം രാഷ്ട്രീയത്തിന് അതീതമല്ല എന്ന് പറഞ്ഞതിൽ കക്ഷിരാഷ്ട്രീയത്തെ അല്ല അദ്ദേഹം ഉദ്ദേശിച്ചത്. മനുഷ്യൻറെ ജീവിതം തന്നെ രാഷ്ട്രീയമാണ്. നമ്മുടെ രാഷ്ട്രീയ കക്ഷികൾ മോശപ്പെട്ട അവസ്ഥയിലൂടെയാണ് നാം പോയിക്കൊണ്ടിരിക്കുന്നത്. അത് തന്നെയാണ് രാഷ്ട്രീയത്തിന് വിമുക്തമല്ല സാഹിത്യം എന്ന് പറയുന്നത്. എഴുത്തുകാരന്റെ ജീവിതവീക്ഷണവും കൂടി ചേർന്നുവരുന്ന ഒരു സമൂഹമാണ് പലപ്പോഴും സാഹിത്യത്തിൽ പ്രത്യക്ഷപ്പെടുന്ന സമൂഹം. സമകാലികമായ സമൂഹത്തോടൊപ്പം തന്നെ ഭാവിയിൽ വരാൻ പോകുന്ന സമൂഹത്തെ പറ്റിയുള്ള ഒരു പ്രതീക്ഷയും സ്വപ്നവും ഉൾക്കൊള്ളുന്നതാണത്. ചരിത്രത്തേയും സമൂഹത്തെയും അവതരിപ്പിക്കുമ്പോൾ അതിൽ എഴുത്തുകാരന്റെ രാഷ്ട്രീയ ദർശനമുണ്ട്, ജീവിതവീക്ഷണമുണ്ട്, നാളെ എങ്ങനെ ഒരു ലോകം കെട്ടിപ്പടുക്കണം എന്നതിന്റെ ഉദ്ദേശവും അതിന്റെ അകത്തുണ്ട്. ഇതാണ് സാഹിത്യത്തെ സാഹിത്യമാക്കുന്നത്. നമ്മുടെ നോവലും സിനിമയിലുമൊക്കെ നല്ല ഭംഗിയുള്ള ആൾക്കാർ തമ്മിലുള്ള പ്രണയമാണ് ഉണ്ടാകാറുള്ളത്. എന്നാൽ ബഷീറിൻറെ കഥകൾ അങ്ങനെയല്ല. വിരൂപനായിട്ട് നടക്കുന്നവർക്കും സ്നേഹിക്കാനുള്ള ഹൃദയമുണ്ട് എന്നൊരു തത്വശാസ്ത്രമാണ് പറയുന്നത്. ഒരു മനുഷ്യൻ എന്ന കഥയിൽ നല്ല നിലയിൽ ഹോട്ടൽ നടത്തുന്ന ആളല്ല കരുണ കാണിക്കുന്നത്. പോക്കറ്റടിക്കാരനാണ്.നാലപ്പാട്ട് നാരായണ മേനോൻ വിക്ടർ ഹ്യൂഗോയുടെ പാവങ്ങൾ പരിഭാഷപ്പെടുത്തിയിട്ട് 100 വർഷമായി. അതിൻറെ ആഘോഷം ഈ അടുത്ത് നടന്നിരുന്നു. ഒരു പരിഭാഷയുടെ 100ാം വാർഷികം ആഘോഷിക്കുന്നത് ഒരു പക്ഷേ നമ്മൾ മാത്രമായിരിക്കും. പലപ്പോഴ ും പുറമേയുള്ള എഴുത്തുകാരെ നമ്മുടെ എഴുത്തുകാരായി സ്വീകരിക്കാനുള്ള വിശാല മനസ്സ് മലയാളിക്കുണ്ട്. അതുകൊണ്ടാണ് വിവേക് ഇക്കുറി നമ്മുടെ സാഹിത്യോൽസവിൻറെ ഉത്ഘാടകനായത്



കെ .പി രാമനുണ്ണി

# നമുക്കെത്ര മനുഷ്യരെ കൈപിടിക്കാനാകും?

യഥാർത്ഥ സാഹിത്യത്തിന്റെ ഫലം നല്ല മനുഷ്യരും മികച്ച സമൂഹവുമാണ്. ആ ലക്ഷ്യത്തിലാണ് എസ്.എസ്.എഫ് സാഹിത്യോത്സവും അനുബന്ധ പദ്ധതികളും രൂപകൽപന ചെയ്യുന്നത്.
മനുഷ്യനെ കാണുന്ന കണ്ണും അവന്റെ വേദനയെ അനുഭവിക്കാൻ കഴിയുന്ന ഹൃദയവും ഞങ്ങൾക്കുണ്ട് എന്ന പ്രഖ്യാപനമാണ് സാഹിത്യോത്സവിലെ നമ്മുടെ പങ്കാളിത്തം. സകാത് കൊടുക്കാത്ത ഒരാൾ കൃത്യമായ നിസ്കാരം കൊണ്ട് മാത്രം ഒരിക്കലും വിജയിക്കുകയില്ല.
അപരനെ കാണാനും അവന്റെ വിഷമത്തെ തിരിച്ചറിയുകയും ചെയ്യാത്തവൻ പൂർണ വിശ്വാസിയാവുകയില്ല. അയൽവാസി പട്ടിണി കിടക്കുമ്പോൾ വയറു നിറക്കുന്നവന് ഇസ്‌ലാമിൽ സ്ഥാനമില്ല എന്ന അധ്യാപനവും അതാണ് നമ്മെ പഠിപ്പിക്കുന്നത്.

തിരുനബി (സ്വ) യെ ലോകം ഇത്രയധികം സ്നേഹിക്കാനുണ്ടായ പ്രധാന കാരണങ്ങളിലൊന്ന്, അധ-ഃസ്ഥിത വിഭാഗമായിരുന്ന ജനതകളെ ഉയർത്തി കൊണ്ടുവരുന്നതായിരുന്നു തങ്ങളുടെ പ്രവർത്തനങ്ങൾ എന്നതാണ്.

തിരുജീവിതത്തെ പഠിച്ചാൽ ഇക്കാര്യം ബോധ്യപ്പെടും. മസ്ജിദ് അടിച്ചു വാരി വൃത്തിയാക്കുന്ന ഒരു സ്ത്രീ മരണപ്പെട്ട വിവരം അറിയാൻ വൈകിയപ്പോൾ തിരുനബി (സ്വ) അനുചരരോട് പറഞ്ഞത്, എന്തുകൊണ്ട് നിങ്ങളെന്നെ മരണ വാർത്ത അറിയിച്ചില്ല. അവരുടെ ഖബ്റെങ്കിലും കാണിച്ചു തരൂ. ഞാൻ അവർക്കു വേണ്ടി പ്രാർത്ഥിക്കട്ടെ എന്നായിരുന്നു.

ജുലൈബീബ് എന്ന് പേരായ ഒരു സ്വഹാബി വര്യനുണ്ടായിരുന്നു. ജനങ്ങളെല്ലാം വിരൂപിയെന്ന് മുദ്ര കുത്തിയിരുന്ന അദ്ദേഹത്തോട് തിരുനബി (സ്വ) ഒരിക്കൽ വിവാഹത്തെ കുറിച്ച് ചോദിച്ചു. എനിക്കാര് കല്യാണം ചെയ്തു തരാനാണ് നബിയേ എന്നദ്ദേഹം പരിതപിച്ചപ്പോൾ തിരുനബി (സ്വ) പറയുന്ന മറുപടിയുടെ താത്പര്യം പിന്നെ ഞാനെന്തിനാണ് മോനെ എന്നായിരുന്നു. നാട്ടിലെ ഏറ്റവും പ്രമുഖനായ ഒരാളുടെ മകളുമായാണ് തിരുനബി (സ്വ) അദ്ദേഹത്തിനു വേണ്ടി വിവാഹാലോചന നടത്തിയത്. മറ്റൊരു വ്യക്തി ആളുകളോട് യാചിക്കുന്നത് കണ്ടപ്പോൾ തിരുനബി (സ്വ) അദ്ദേഹത്തെ വിളിക്കുകയും വീട്ടിൽ വല്ലതും ഉണ്ടോ എന്ന് അന്വേഷിക്കുകയും ചെയ്തു. അയാൾ ഇല്ലായെന്ന് മറുപടി പറഞ്ഞു. തങ്ങൾ ഒന്നുകൂടി അമർത്തി ചോദിച്ചപ്പോൾ ഒരു പുതപ്പും തോൽപാത്രവുമുണ്ടെന്ന് പറഞ്ഞു. അയാളോടത് കൊണ്ടു വരാൻ പറയുകയും ലേലത്തിന് വെച്ച് തങ്ങൾ തന്നെ രണ്ട് ദിർഹം നൽകി അത് വാങ്ങുകയും ചെയ്തു. ഒരു ദിർഹം കൊണ്ട് ഭക്ഷണം വാങ്ങാനും മറ്റത് കൊണ്ട് ഒരു മഴു വാങ്ങാനും നിർദേശിച്ചു. ഇനി യാചിക്കരുതെന്നും അധ്വാനിക്കണമെന്നും ഉപദേശിച്ചു.

മദീനയിൽ നിന്നും ലോകത്തെ പ്രകമ്പനം കൊള്ളിച്ച ആശയാദർശങ്ങൾ ഉടലെടുത്തു. അവമതിക്കപ്പെടാൻ സാധ്യതയുണ്ടായിരുന്നവരെ കൈ പിടിച്ചുയർത്തി. അവർക്ക് നിവർന്നു നിൽക്കാൻ ആവശ്യമായതെല്ലാം നൽകി.

അതുകൊണ്ട് നമ്മുടെ വാക്കുകൾക്കും അക്ഷരങ്ങൾക്കും സാഹിത്യത്തിനും മൂർച്ച വേണ്ടത് നമുക്ക് വേണ്ടിയല്ല, അപരന് വേണ്ടിയാണ്. ഞാനും യതീമിനെ സംരക്ഷിക്കുന്നവരും ഇപ്രകാരമാണെന്ന് പറഞ്ഞ് തങ്ങൾ ഉയർത്തിക്കാണിച്ച രണ്ടു വിരലുകൾക്ക് കോടിക്കണക്കിന് യതീം മക്കളുടെ ജീവിത നിലവാരം മെച്ചപ്പെടുത്താനുള്ള ശക്തിയുണ്ടായി.

നമ്മുടെ സാമൂഹ്യ ഇടപെടലുകൾക്കും സാഹിത്യ പ്രവർത്തനങ്ങൾക്കും അത്തരത്തിലുള്ള പ്രതിബദ്ധത ഉണ്ടാകണം. സാഹിത്യോത്സവ് വേദികൾ അതിനുള്ള അവസരണങ്ങളാണ്.



അനസ് അമാനി

# ഇസ്‌ലാം സ്നേഹത്തിന്റെ ഹൃദയഭാഷ

എസ്.എസ്എ.ഫിന്റെ സംസ്ഥാന സാഹിത്യോത്സവിന്റെ ഉദ്ഘാടന സംഗമത്തിലാണ് നാം. കഴിഞ്ഞ കാൽ നൂറ്റാണ്ടായി എസ്.എസ്.എഫിന്റെ സാഹിത്യോത്സവുകൾ ഇവിടെ നടന്നുവരുന്നു. ഗ്രാമങ്ങളുടെ അടിത്തട്ട് മുതൽ തുടങ്ങുന്ന സാഹിത്യോത്സവുകൾ എല്ലാ മനുഷ്യരെയും സ്പർശിച്ചു കൊണ്ടാണ് അതിന്റെ പ്രയാണം നടത്തുന്നത്. സംസ്ഥാനങ്ങൾ ഭേദിച്ച് ദേശീയതലത്തിലേക്ക് വളർന്ന സാഹിതേ്യാത്സവത്തിന്റെ വിവിധ ഘട്ടങ്ങളിൽ കഴിഞ്ഞ 25 ലേറെ കൊല്ലങ്ങളായി ഞാൻ പങ്കെടുത്തു വരുന്നു എന്ന് പറയുന്നതിൽ സന്തോഷമുണ്ട്. കാന്തപുരം ഉസ്താദ് നടത്തിയ ഈ വലിയ മുന്നേറ്റം സമൂഹത്തിന് മികച്ച ദിശ നിർണയിച്ചു കൊടുത്തിട്ടുണ്ട്. മതത്തെ ജനാധിപത്യത്തിന്റെയും മാനവികതയുടെയും സാഹോദര്യത്തിന്റെയും മൈത്രിയുടെയും സംസ്കാര വേദിയാക്കാൻ പറ്റുന്ന വിധത്തിൽ എസ്.എസ്.എഫ് പോലുള്ള വിദ്യാർത്ഥി പ്രസ്ഥാനത്തെ വളരെ താഴെ തട്ട് മുതൽ കൂട്ടിച്ചേർത്ത് കൊണ്ടുവന്നതിന് പിന്നിലെ ഉസ്താദിന്റെ സംഭാവന അവിസ്മരണീയമാണ്. അതിലൂടെ ഉസ്താദുമാരുടെ വിഭാഗത്തിന് വലിയ സാംസ്കാരിക മുഖമുണ്ടായി. പള്ളിദർസുകളിലും മതസ്ഥാപനങ്ങളിലും അധ്യാപനവും വിദ്യ അഭ്യസിക്കലും ചെയ്യുന്നതിനോട് കൂടെ തന്നെ ലോകോത്തര ക്ലാസിക് പുസ്തകങ്ങളും ഇതര ഭാഷാ ഗ്രന്ഥങ്ങളും വായിക്കുന്ന വലിയ അറിവിന്റെ ലോകമായി ഉസ്താദുമാരുടെ ലോകം മാറിയതിന് പിന്നിൽ ആ മഹാ കരങ്ങളുണ്ട്. ഉലമ ആക്ടിവിസം എന്ന മഹത്തായ മാനവിക പ്രവർത്തനത്തിന് നേതൃത്വം നൽകിയതിലൂടെ ഉസ്താദ് നിർവഹിച്ച ദൗത്യം തുല്യതയില്ലാത്തതാണ്. ഞാനും രാമനുണ്ണിയും ഒക്കെ പൊന്നാനിക്കാരാണ്. മദീനയിലെ മസ്ജിദ് നബവി പോലെ മലയാളക്കരയിൽ പൊന്നാനി പള്ളി ചൊരിയുന്ന സ്നേഹ സൗമ്യതയുടെ കുളിര് അനുഭവിച്ചവരാണ് ഞങ്ങൾ. എന്റെ ചെറുപ്പത്തിൽ ഞാൻ പൊന്നാനി വലിയ ജുമുഅത്ത് പള്ളി പരിസരത്ത് കണ്ട സൂഫികളായ മനുഷ്യരൊക്കെയും സ്നേഹത്തിന്റെയും സൗമ്യതയുടെയും ആൾരൂപങ്ങൾ ആയിരുന്നു. ഞങ്ങളുടെ പൊന്നാനിയിൽ ഇന്നേവരെ മതത്തിന്റെ പേരിൽ മനുഷ്യർ പരസ്പരം കടിച്ചുകീറിയിട്ടില്ല. എനിക്ക് ചെറുപ്പത്തിൽ അപസ്മാരമോ തലവേദനയോ ഒക്കെ വന്നാൽ എന്റെ മുത്തശ്ശിയൊക്കെ കാരക്കാട്ട് അമ്മക്ക് പുഷ്പാഞ്ജലി നേരുന്നതോടൊപ്പം തന്നെ മുഹിയുദ്ദീൻ ശൈഖിന് നേർച്ചയാക്കാനും മറക്കാറില്ല. പൊന്നാനിയിൽ ഞാൻ അനുഭവിച്ചതൊക്കെയും സ്നേഹത്തിന്റെ ഭാഷയായിരുന്നു. പരിശുദ്ധ ഇസ്‌ലാമിന്റെ ഭാഷയും അതു തന്നെയാണ്. ആയുധം കൊണ്ടല്ല അറിവ് കൊണ്ടാണ് പ്രവാചകൻ ഇസ്‌ലാമിനെ ലോകത്തേക്ക് സമ്മാനിച്ചത്. എസ്.എസ്.എഫ് നടത്തുന്ന ഈ സാഹിത്യോത്സവവും അറിവിന്റെ ഉത്സവമാണ്. ഇത്തരം അറിവുകൾ സമൂഹത്തിനും നാടിനും ഉപയോഗപ്പെടുത്തി എസ്എസ്എഫ് നടത്തുന്ന വിപ്ലവങ്ങൾക്ക് എല്ലാവിധ സ്നേഹവും.

അനസ് അമാനി



# നന്മയും സ്നേഹവും വിശ്വാസിയുടെ മുഖമുദ്ര

ലോകത്ത് നന്മയും സമാധാനവും പുലരണമെന്നാണ് ഓരോ വിശ്വാസിയും ആഗ്രഹിക്കേണ്ടത്. മനുഷ്യരെ ക്രൂരമായി കൊല ചെയ്യുന്നവരും കുട്ടികളെ ഇല്ലായ്മ ചെയ്യുന്നവരും മനുഷ്യന്റെയും ലോകത്തിന്റെയും ശത്രുക്കളാണ്. വിശക്കുന്ന മനുഷ്യർ ഭക്ഷണം അന്വേഷിച്ചെത്തുന്ന സമയത്ത് അവരെ ക്രൂരമായി കൊല ചെയ്യുന്ന ഇസ്രായേലിന്റെ പ്രവർത്തി മനുഷ്യത്വത്തെ ലജ്ജിപ്പിക്കുന്നതാണ്. ഈ ക്രൂരതക്കെതിരെ ലോകം പ്രതികരിക്കേണ്ടതുണ്ട്. അറിവിലൂടെയും വിദ്യാഭ്യാസ പ്രവർത്തനങ്ങളിലൂടെയും മാത്രമേ ലോകത്തിന് മുന്നോട്ട് പോകാൻ സാധിക്കുകയുള്ളൂ. അക്രമങ്ങളും തിന്മകളും പരിഷ്കൃത ലോകത്തിനും സമൂഹത്തിനും യോജിക്കാത്തതാണ്. മതത്തിന്റെയും ഭാഷയുടെയും സംസ്കാരത്തിന്റെയും വൈജാത്യങ്ങൾക്കുമപ്പുറം മനുഷ്യത്വത്തെ ചേർത്തുപിടിക്കാനാണ് ലോകം ശ്രമിക്കേണ്ടത്. വിശ്വാസി ആയിരിക്കെ തന്നെ ഇതര മതസ്ഥരെ ആദരിക്കാനും ബഹുമാനിക്കാനും അവരുടെ വിശ്വാസങ്ങൾക്ക് വിലകൽപ്പിക്കാനും നാം തയ്യാറാവണം. ജനാധിപത്യ മൂല്യങ്ങളെ അപകടപ്പെടുത്താനുള്ള വർഗീയ ശക്തികളുടെ ശ്രമങ്ങൾക്കെതിരെ രാജ്യം ഒന്നിച്ച് നിൽക്കേണ്ട സമയമാണിത്.

**കാന്തപുരം ഉസ്താദ്**



# വെറുപ്പിന്റെ ശക്തികളെ സ്നേഹത്തിന്റെ ഭാഷ കൊണ്ട് ചെറുക്കുക:

പാലക്കാട്: വെറുപ്പിന്റെ ശക്തികളെ സ്നേഹത്തിന്റെ ഭാഷ കൊണ്ട് ചെറുക്കുണമെന്നും അതാണ് കേരളത്തിന്റെ പാരമ്പര്യമെന്നും രാഹുൽ മാങ്കൂട്ടത്തിൽ. എസ്എസ്എഫ് കേരള സാഹിത്യോത്സവ് സമാപന സംഗമത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കലാ സാഹിത്യ ആവിഷ്കാര രംഗങ്ങളിൽ പോലും കേരളത്തെ വർഗീയവത്കരിക്കുന്ന പുതിയ കാലത്ത് കാന്തപുരം ഉസ്താദിനെ പോലുള്ളവരുടെ ജീവിതമാണ് യഥാർത്ഥ കേരള സ്റ്റോറി. കേരളത്തിന്റെ സൗഹൃദങ്ങൾ തകർക്കുന്നതിനായി വർഗീയത രൂപപ്പെടുത്തുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നവർക്ക് കേരളത്തിന്റെ സൗഹൃദം തന്നെയാണ് മറുപടിയെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.



രാഹുൽ മാങ്കൂട്ടത്തിൽ



ഒരു നേർത്ത
നിശ്വാസത്താൽ കാലത്തിന്റെ
നനവാർന്ന അടരുകളിൽ
ആർദ്രമായൊരടയാളം
ഇവിടെ നാം ബാക്കി വെക്കുന്നു

കാലങ്ങളും
ദേശങ്ങളും കടന്ന്
**മനുഷ്യ**
സഞ്ചാരങ്ങൾ തുടരും...

Organized by SSF Kerala